17
2025
ഏപ്രിൽ
വ്യാഴം
മേടം 3

NAUTICAL TIMES
KERALA

The National Daily in Malayalam / English

# നോട്ടിക്കൽ ടൈംസ് കേരള

e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-6, Issue No.122 Page 4, Price: Rs. 2 പുസ്തകം-6 ലക്കം-122 പേജ് 4. വില 2.00 രൂപ




02 10 ആരോഗ്യ കേന്ദ്രങ്ങൾക്ക് കൂടി ദേശീയ ഗുണനിലവാര അംഗീകാരം

03 വഖഫ് നിയമ ഭേദഗതിക്കെതിരായ ഹർജികൾ സുപ്രീം കോടതി ഇന്നു പരിഗണിക്കും

04 യുഡിഎഫ് തീരദേശ സമരയാത്ര മാറ്റിവെച്ചു

# മുതലപ്പൊഴി പൊഴിമുഖത്ത് അടിഞ്ഞുകൂടിയ മണൽ മെയ് 15നകം പൂർണമായും നീക്കം ചെയ്യും

## സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ തിരുവനന്തപുരം സിറ്റിംഗ് നടത്തി

തിരുവനന്തപുരം : മുതലപ്പൊഴി അപകടത്തെ തുടർന്ന് പൊഴിമുഖത്ത് അടിഞ്ഞുകൂടിയ മണൽ മെയ് 15നകം പൂർണമായും നീക്കം ചെയ്യുമെന്ന് ഹാർബർ എൻജിനീയറിംഗ് ഡിവിഷൻ എക്സിക്യൂട്ടീവ് എൻജിനീയർ സംസ്ഥാന ന്യൂനപക്ഷ കമ്മീഷനെ അറിയിച്ചു.



ചാനലിൽ അടിഞ്ഞുകൂടിയ മണൽ നീക്കം ചെയ്യുന്ന പ്രവൃത്തി തുടർന്നുവരുന്നതായും ഒരാഴ്ചയ്ക്കുള്ളിൽ മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധനം നടത്തുന്നതിനാവശ്യമായ സാഹചര്യം സൃഷ്ടിക്കുമെന്നും എക്സിക്യൂട്ടീവ് എൻജിനീയർ വ്യക്തമാക്കി.

സംസ്ഥാന ന്യൂനപക്ഷ കമ്മീഷന്റെ തിരുവനന്തപുരത്തെ കമ്മീഷൻ ആസ്ഥാനത്തെ കോർട്ട് ഹാളിൽ നടന്ന സിറ്റിംഗിൽ മുതലപ്പൊഴി അപകടപരമ്പരയെ തുടർന്ന് കമ്മീഷൻ സ്വമേധയാ എടുത്ത കേസിലായിരുന്നു അധികൃതർ ഇക്കാര്യം വ്യക്തമാക്കിയത്. ചെയർമാൻ അഡ്വ. എ.എ റഷീദ് ഹർജികൾ പരിഗണിച്ചു. തെക്കുഭാഗത്ത് നിന്നുള്ള മണൽ നീക്കം കൂടുതലായതിനാൽ മൺസൂൺ കാലത്തെ അപകടങ്ങൾ ഒഴിവാക്കുന്നതിനായി കേരള മാരിടൈം ബോർഡിന്റെ ഉടമസ്ഥതയിലുള്ള ഡ്രഡ്ജർ മുതലപ്പൊഴിയിൽ എത്തിക്കുന്നതിനുള്ള ശ്രമങ്ങൾ നടന്നുവരുന്നതായും അധികൃതർ വ്യക്തമാക്കി.

മുതലപ്പൊഴി അഴിമുഖത്ത് നിന്നും ഡ്രഡ്ജ് ചെയ്ത് നീക്കം ചെയ്യുന്ന മണ്ണ് കേരള മിനറൽസ് ഡെവലപ്മെന്റ് കോർപ്പറേഷന് നൽകുന്നതിനുള്ള പ്രൊപ്പോസൽ അംഗീകാരത്തിനായി സർക്കാരിലേക്ക് സമർപ്പിച്ചിരുന്നതായും അംഗീകാരം ലഭ്യമാകുന്ന മുറയ്ക്ക് മണ്ണ് നീക്കം ആരംഭിക്കുന്നതാണെന്നും അധികൃതർ കമ്മീഷനെ ധരിപ്പിച്ചു.

പുലിമുട്ടിന്റെ നീളം വർധിപ്പിക്കുന്ന പ്രവൃത്തിക്കുള്ള കരാർ ഈ മാസം തന്നെ ഒപ്പിട്ട് ഒന്നരവർഷം കൊണ്ട് പൂർത്തീകരിക്കുമെന്നും പെരുമാതുറ, താഴംപള്ളി ഭാഗങ്ങളിലെ ഹാർബറിനുള്ളിലെ പ്രവൃത്തികൾക്ക് ദർഘാസ് ക്ഷണിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതായും ഫിഷറീസ് വകുപ്പ് കമ്മീഷനെ അറിയിച്ചു.



തൊഴിൽ തീരം പദ്ധതിയുടെ തീം സോങ് മന്ത്രി സജി ചെറിയാൻ പ്രകാശനം ചെയ്യുന്നു.

# തൊഴിൽതീരം തീം സോങ് മന്ത്രി സജി ചെറിയാൻ പ്രകാശനം ചെയ്തു

തിരുവനന്തപുരം : ഫിഷറീസ് വകുപ്പും കേരള നോളെജ് ഇക്കോണമി മിഷനും സംയുക്തമായി നടപ്പിലാക്കുന്ന തൊഴിൽതീരം പദ്ധതിയുടെ തീം സോങ് മന്ത്രി സജി ചെറിയാൻ പ്രകാശനം ചെയ്തു.

അഭ്യസ്തവിദ്യരായ തിരദേശ യുവജനങ്ങൾക്ക് തൊഴിൽ ഉറപ്പാക്കുന്ന പദ്ധതി 46 തീരദേശ നിയോജക മണ്ഡലങ്ങളിലാണ് നടപ്പിലാക്കുന്നത്. മത്സ്യത്തൊഴിലാളി വിഭാഗത്തിൽ നിന്ന് 39650 പേർ നോളെജ് ഇക്കോണമി മിഷനിൽ തൊഴിലന്വേഷകരായി രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇവരിൽ 25000 പേർ സ്കില്ലിങ് ആവശ്യമുള്ളവരാണ്. തൊഴിലന്വേഷകർക്ക് അവരുടെ യോഗ്യതയ്ക്കനുസരിച്ചുള്ള തൊഴിലിനു ആവശ്യമായ സ്കില്ലിങ് നൽകി തൊഴിൽ സജ്ജരാക്കുകയാണ് പദ്ധതിയുടെ ഉദ്ദേശ്യം.

ഇതിന്റെ ഭാഗമായി ഭാരത് ഭവനുമായി ചേർന്ന് 46 നിയോജക മണ്ഡലങ്ങളിലും തൊഴിൽ വിളംബരയാത്ര സംഘടിപ്പിക്കും. തുടർന്ന് തീരദേശ മണ്ഡലങ്ങളുള്ള ജില്ലകളിൽ തൊഴിൽ മേള നടത്തും. കൂടാതെ സോഫ്റ്റ് സ്കില്ലിംഗ് പൂർത്തിയാക്കിയ തൊഴിലന്വേഷകരുടെ സംഗമവും ചേരും.

മന്ത്രിയുടെ ചേംബറിൽ നടന്ന പരിപാടിയിൽ കേരള നോളെജ് ഇക്കോണമി മിഷൻ ഡയറക്ടർ ഡോ. പി എസ് ശ്രീകല, ഫിഷറീസ് വകുപ്പ് അസി ഡയറക്ടർ സ്മിത, ഭാരത് ഭവൻ സെക്രട്ടറി പ്രമോദ് പയ്യന്നൂർ എന്നിവർ പങ്കെടുത്തു

# കല്ലുറാളിലെ സുന്ദരി

തീരക്കടലിലെ റാളുകൊഞ്ചിന്റെ മുഖ സൗന്ദര്യം കണ്ടേണ്ടതു തന്നെ. പടയണിക്കോലത്തിലെ യക്ഷന്റെ മുഖമെഴുത്തു പോലെ.. മുടിയേറ്റിയ തെയ്യത്തിന്റെ തലയെടുപ്പു പോലെ.. കാണാൻ കൊതിക്കുന്ന നിറങ്ങളുടെ സമ്മിശ്രണം . കൊല്ലത്തെ ശക്തികുളങ്ങര ഒഴുക്കുതോടു തീരത്തു വന്നണഞ്ഞനാടൻ വള്ളത്തിൽ കിട്ടിയ കല്ലു റാളുകളാണ്. കാഴ്ചയുടെ വിസ്മയം തീർത്തത്. തീരക്കടലിലെ കല്ലുകളിൽ വളരുന്ന റാളിനെ (ലോബ്സ്റ്റർ) പിടിക്കുന്ന അഗ്രഗണ്യൻ മാരായ മൽസ്യത്തൊഴിലാളികൾ ഇവിടെയുണ്ട്.റാളിന്റെ സീസൺ കാലം വരുന്നതേയുള്ളു. കമ്പനിക്കാർ ജീ



വനോടെ റാളുകളെ കടൽ കടത്തുന്നു. നമ്മുടെ നാട്ടി കല വിപണിയിൽ റാൾ കിട്ടാറില്ല. ഇതു കഴിക്കുന്നത് ലോകത്തിൽ ഒന്നാം നിരയിലുള്ള രാജ്യത്തുള്ളവർ. നമ്മുടെ തീൻമേശയിൽ റാൾ ചെമ്മിൻ വിഭവമായി വന്നാൽ മനസ്സിലാക്കുക നമ്മൾ ഒന്നാം സ്ഥാനത്ത് എത്തിയെന്ന്



## എം. ആർ. അജിത് കുമാറിന് സർക്കാരിന്റെയും ക്ലീൻചിറ്റ്

തിരുവനന്തപുരം: അനധികൃത സ്വത്ത് സമ്പാദനവുമായി ബന്ധപ്പെട്ട ആരോപണങ്ങളിൽ എഡിജിപി എം. ആർ. അജിത് കുമാറിന് സർക്കാരിന്റെയും ക്ലീൻ ചിറ്റ്. അജിത്കുമാറിനെ കുറ്റവിമുക്തനാക്കിയ വിജിലൻസ് റിപ്പോർട്ട് മുഖ്യമന്ത്രി പിണറായി വിജയൻ അംഗീകരിച്ചു. ചൊവ്വാഴ്ച കണ്ണൂരിൽ നിന്നെത്തിയ മുഖ്യമന്ത്രി ഫയൽ വിളിച്ച് വരുത്തി ഒപ്പിടുകയായിരുന്നു.

# വലിയതുറ കൊച്ചുതോപ്പ് കടൽഭിത്തി നിർമ്മിക്കാൻ രണ്ട് കോടി

തിരുവനന്തപുരം: തിരുവനന്തപുരം മണ്ഡലത്തിലെ വലിയതുറ കൊച്ചുതോപ്പ് തീരപ്രദേശത്ത് കടലാക്രമണ ഭീഷണി നേരിടുന്ന ഭവനങ്ങൾ കടൽഭിത്തി നിർമ്മിച്ച് സംരക്ഷിക്കാൻ രണ്ട് കോടി രൂപ അനുവദിച്ചതായി ആന്റണിരാജു എംഎൽഎ അറിയിച്ചു.

വലിയതുറ കൊച്ചുതോപ്പിൽ ജൂസാറോഡിനും ലേനാറോഡിനും മധ്യേ മത്സ്യത്തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന 165 മീറ്റർ പ്രദേശത്ത് കടൽഭിത്തി ഇല്ലാത്തതുമൂലം കടലാക്രമണ ഭീഷണി നേരിടുന്ന പ്രദേശം ആന്റണിരാജു എംഎൽഎ, ജില്ലാ കളക്ടർ അനുകുമാരി എന്നിവർ സന്ദർശിച്ചു.

കാലവർഷത്തിന് മുമ്പ് 165 മീറ്റർ ദൂരം കടൽഭിത്തി നിർമ്മാണം പൂർത്തിയാക്കി വീടുകൾ സംരക്ഷിക്കുവാൻ ജലസേചന വകുപ്പിന് നിർദേശം നലകിയതായി ആന്റണിരാജു എംഎൽഎ അറിയിച്ചു. കൗൺസിലർ ഐറിൻദാസ്, റവന്യൂ, ജലസേചന വകുപ്പ് ഉദ്യോഗസ്ഥരും സംഘത്തിലുണ്ടായിരുന്നു.

വലിയതുറ കൊച്ചുതോപ്പ് തീരപ്രദേശത്ത് കടലാക്രമണ ഭീഷണി നേരിടുന്ന പ്രദേശം ആന്റണിരാജു എംഎൽഎ, ജില്ലാ കളക്ടർ അനുകുമാരി എന്നിവർ സന്ദർശിക്കുന്നു

# ലോട്ടറി ക്ഷേമനിധി ബോർഡിൽ വൻ തട്ടിപ്പ്

തിരുവനന്തപുരം: ലോട്ടറി ക്ഷേമനിധി ബോർഡിൽ വൻ തട്ടിപ്പ്. ലോട്ടറി തൊഴിലാളികൾ അടച്ച അംശാദായ തുക ക്ലാർക്കായ സംഗീത് സ്വന്തം അക്കൗണ്ടിലേക്ക് മാറ്റി. ക്ലാർക്ക് നടത്തിയ തട്ടിപ്പ് ഓഡിറ്റിൽ പോലും ആദ്യം കണ്ടെത്തിയില്ല. അതേസമയം തെളിവുകൾ സഹിതം വിജിലൻസിന് പരാതി ലഭിച്ചിരുന്നു. ഇതേതുടർന്നു വിജിലൻസ് നടത്തിയ രഹസ്യാന്വേഷണത്തിലാണ് ക്ലാർക്കായ സംഗീത് നടത്തിയ ക്രമക്കേട് പുറത്തുവന്നത്.

2018 ൽ മാത്രം രണ്ടു തവണയായി 80 ലക്ഷം രൂപ സ്വന്തം അക്കൗണ്ടുകളിലേക്കും ബന്ധുവിന്റെ അക്കൗണ്ടിലേക്കും മാറ്റിയതായി കണ്ടെത്തി. വിജിലൻസ് നൽകിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ബോർഡ് പരിശോധന നടത്തി. പ്രാഥമിക പരിശോധനയിൽ മാത്രം ഒന്നരകോടിയുടെ ക്രമക്കേട് കണ്ടെത്തി. 2018 മുതൽ 2021വരെ സംഗീത് ബോർഡിൽ ജോലി ചെയ്തു. ഇതിനുശേഷം ലോട്ടറി ഡയറക്ടറേറ്റിലേക്ക് മാറി. പക്ഷേ അപ്പോഴും ബോർഡിന്റെ ചെക്കുകൾ ഉപയോഗിച്ച് പണം പിൻവലിച്ചതായും അന്വേഷണത്തിൽ കണ്ടെത്തിയിട്ടുണ്ട്.

വിജിലൻസ് അന്വേഷണം നടക്കുന്നതിനാൽ പോലീസ് ഇതുവരെ കേസെടുത്തിട്ടില്ല. ക്ലാർക്കായി സംഗീത് ഇപ്പോൾ സസ്പെൻഷിനിലാണ്.





ഭിന്നശേഷിക്കാർക്കുള്ള ഇലക്ട്രോണിക് വീൽചെയർ മന്ത്രി ഡോ. ആർ ബിന്ദു വിതരണം ചെയ്യുന്നു

# എ. കെ. ബാലൻ വായിലൂടെ വിസർജിക്കുന്ന ജീവി: കെ. സുധാകരൻ

തിരുവനന്തപുരം: കെ. സുധാകരനെ പാൻറ് ഊരിപ്പിച്ച് ബ്രണ്ണൻ കോളജിലൂടെ നടത്തിയെന്ന എ. കെ. ബാലന്റെ ആരോപണത്തിന് മറുപടിയുമായി കെപിസിസി പ്രസിഡൻറ് കെ. സുധാകരൻ. പിണറായി വിജയന്റെ പ്രീതി പിടിച്ചുപറ്റി ഏതെങ്കിലും സ്ഥാനം കിട്ടാൻ എ. കെ. ബാലൻ നടത്തുന്ന ശ്രമങ്ങൾ തന്റെ ചെലവിൽ വേണ്ടന്നും അദ്ദേഹം പറഞ്ഞു.

വായിലൂടെ വിസർജിക്കുന്ന ജീവിയായി എ. കെ. ബാലൻ മാറിയത് ദയനീയമായ കാഴ്ചയാണെന്നും കെ. സുധാകരൻ എംപി ഫെയ്സ്ബുക്കിൽ കുറിച്ചു. സിപിഎമ്മിന്റെ നേതൃസ്ഥാനത്തുനിന്ന് ഒഴിവാക്കപ്പെട്ടതു കൊണ്ടാണ് നായ മോങ്ങുന്നത് പോലെ ബാലൻ മോങ്ങുന്നത് എന്നും ആ ചിത്രം രാഷ്ട്രീയ കേരളം കഴിഞ്ഞ ദിവസങ്ങളിൽ കണ്ടതാണെന്നും സുധാകരൻ പരിഹസിച്ചു.

***ഫെയ്സ്ബുക്ക് കുറിപ്പിന്റെ പൂർണരൂപം***

പിണറായി വിജയന്റെ മകൾ അഴിമതി കേസിൽ പെടുമ്പോഴും പിണറായി വിജയന്റെ സംഘപരിവാർ ബന്ധം പൊതുസമൂഹത്തിൽ ചർച്ചയാകുമ്പോഴും ആദ്യം ഓടിയെത്തി ന്യായീകരിച്ച് പിച്ചും പേയും പുലമ്പി വിഷയം മാറ്റുന്ന ലക്ഷണമൊത്ത അടിമയാണ് ഇപ്പോൾ ബാലൻ. വിദ്യാർഥി രാഷ്ട്രീയത്തിലൂടെ വളർന്നുവന്ന് മന്ത്രിപദവികൾ വരെ എത്തിയത് സ്വന്തം കഴിവുകൊണ്ടല്ല പിണറായിയുടെ ഔദാര്യം കൊണ്ടാണെന്ന് കരുതി സ്വയം അധഃപതിക്കുകയാണ് ബാലൻ. കെ. സുധാകരൻ ആരാണെന്നും പിണറായി വിജയൻ എന്തായിരുന്നു എന്നും ബ്രണ്ണൻ കോളേജിലെ ചുവരുകൾക്കും കോണിപ്പടികൾക്കും മാത്രമല്ല രാഷ്ട്രീയം നിരീക്ഷിച്ചിട്ടുള്ള സർവലോക മലയാളികൾക്കും അറിയാം.

സുധാകരന്റെയോ അന്നത്തെ കെഎസ്‌യു നേതാക്കളുടെയോ നിഴലിൽ പോലും നേർക്കുനേർ നിൽക്കാനുള്ള ധൈര്യം വിജയനോ ബാലനോ കൂട്ടുകക്ഷികൾക്കോ ഉണ്ടായിരുന്നില്ല എന്നത് ആ കോളജിന്റെ ചരിത്രമാണ്. ഈ പ്രായത്തിൽ പഴയ വീരസ്യങ്ങൾ വിളമ്പുന്ന ബാലിശമായ പ്രവൃത്തികളിൽ താത്പര്യമില്ലാത്തതുകൊണ്ട് ബാലന്റെ തീവ്രത കൂടിയ ജല്പനങ്ങൾക്ക് പുല്ലുവില കൊടുത്തുകൊണ്ട് അവഗണിക്കുന്നു.

എന്തെങ്കിലും പറയാനുണ്ടെങ്കിൽ പിണറായി വിജയൻ പറയട്ടെ. അപ്പോൾ കൃത്യമായി മറുപടി പറയാം. യജമാനന് വേണ്ടി വഴിയിൽ നിന്ന് കുരയ്ക്കുന്ന അടിമ എന്തെങ്കിലും നക്കാപ്പിച്ച കിട്ടുമ്പോൾ മാറിക്കിടന്ന് ഉറങ്ങിക്കോളും. കേരളത്തിന്റെ പൊതു സമൂഹത്തിലേക്ക് കൂടുതൽ വിസർജ്യങ്ങൾ എറിയാതിരുന്നാൽ അടിമയ്ക്ക് നല്ലതെന്ന് മാത്രം ഓർമിപ്പിക്കുന്നു.

# തദ്ദേശ സ്ഥാപനങ്ങളുടെ ഭിന്നശേഷി സൗഹൃദ പദ്ധതികൾ മാതൃകാപരം : മന്ത്രി ഡോ ആർ ബിന്ദു

ഭിന്നശേഷിക്കാർക്കായി വിവിധ പദ്ധതികൾ നടപ്പിലാക്കി സംസ്ഥാന സർക്കാർ മുന്നോട്ട് പോകുന്ന അവസരത്തിൽ തദ്ദേശ സ്ഥാപനങ്ങളുടെ സഹകരണവും ഭിന്നശേഷി സൗഹൃദ പദ്ധതികളും മാതൃകാപരമാണെന്ന് ഉന്നത വിദ്യാഭ്യാസ സാമൂഹ്യനീതി വകുപ്പ് മന്ത്രി ഡോ. ആർ ബിന്ദു പറഞ്ഞു. തിരുവനന്തപുരം ജില്ലാ പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ ഭിന്നശേഷിക്കാർക്കുള്ള ഇലക്ട്രോണിക് വീൽചെയർ വിതരണോദ്ഘാടനം ജില്ലാ പഞ്ചായത്ത് ആസ്ഥാനത്ത് നിർവഹിക്കുകയായിരുന്നു മന്ത്രി.സംസ്ഥാന സർക്കാരിന്റെ വിവിധ ഏജൻസികൾ ഭിന്നശേഷി ക്ഷേമ പ്രവർത്തനങ്ങളിൽ നല്ല നിലയിൽ ഇടപെടുന്നുണ്ട്. ഭിന്നശേഷി ക്ഷേമ കോർപ്പറേഷൻ ശുഭയാത്ര പദ്ധതിയുടെ ഭാഗമായി ഇലക്ട്രോണിക് വീൽചെയറുകളും മുച്ചക്ര വാഹനങ്ങളും വിതരണം ചെയ്യുന്നു. എന്നാൽ അപേക്ഷിക്കുന്ന എല്ലാവർക്കും ഈ സംവിധാനങ്ങൾ നൽകാൻ കോർപ്പറേഷന് മാത്രമായി സാധിക്കില്ല. അതുകൊണ്ട് സംസ്ഥാനത്തെ മുഴുവൻ ചലന പരിമിതി നേരിടുന്നവർക്കും ഗുണമേന്മയുള്ള ഇലക്ട്രോണിക് വീൽചെയറുകൾ അല്ലെങ്കിൽ മുച്ചക്ര വാഹനങ്ങൾ ഉറപ്പാക്കുക എന്നുള്ളത് സർക്കാരും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും സമൂഹവും കൈകോർത്തുപിടിച്ച് ഏറ്റെടുത്തിട്ടുള്ള ദൗത്യമാണ്.ചലനരഹിതർ ഇല്ലാത്ത തിരുവനന്തപുരം ജില്ല എന്ന സ്വപ്ന പദ്ധതിയുടെ ആദ്യഘട്ടമായി നാല്പത് ഭിന്നശേഷി സഹോദരങ്ങൾക്കാണ് ഇലക്ട്രോണിക് വീൽചെയർ നൽക്കുന്നത്. ജില്ലാപഞ്ചായത്തിന്റെ ക്ഷേമകാര്യ സ്റ്റാൻഡിങ് കമ്മിറ്റിയുടെ നേതൃത്വത്തിൽ നാലു കോടി രൂപ ചെലവിട്ടാണ് പദ്ധതി നടപ്പിലാക്കുന്നത്. ഭിന്നശേഷിക്കാർക്ക് പരസഹായമില്ലാതെ സുഗമമായ സഞ്ചാര സ്വാതന്ത്ര്യം ഈ പദ്ധതിയിലൂടെ നടപ്പിലാക്കപ്പെടുകയാണ്. ഭിന്നശേഷി സഹോദരങ്ങളെ ചേർത്തുപിടിക്കുന്ന മാതൃകാപരമായ പദ്ധതികൾ നടപ്പാക്കുന്ന ജില്ലാ പഞ്ചായത്തിന്റെ പ്രവർത്തനങ്ങൾ അഭിനന്ദനാർഹമാണെന്നും മന്ത്രി പറഞ്ഞു.തിരഞ്ഞെടുക്കപ്പെട്ട നാല്പത് ഭിന്നശേഷിക്കാർക്കുള്ള ഇലക്ട്രോണിക് വീൽചെയർ മന്ത്രി വിതരണം ചെയ്തു.ജില്ലാ പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ സർക്കാർ സ്കൂളുകൾക്കും സംസ്ഥാന ലൈബ്രറി കൗൺസിൽ അംഗീകാരമുള്ള ലൈബ്രറികൾക്കും പുസ്തകം വിതരണം ചെയ്യുന്ന പദ്ധതിയുടെ ഉദ്ഘാടനം മന്ത്രിയുടെ സാന്നിധ്യത്തിൽ സംസ്ഥാന ലൈബ്രറി കൗൺസിൽ സെക്രട്ടറി വി.കെ. മധു നിർവഹിച്ചു. ജില്ലാ പഞ്ചായത്ത് നിയമിച്ചിട്ടുള്ള സ്കൂൾ ലൈബ്രേറിയൻമാർക്കുള്ള ഐഡന്റിറ്റി കാർഡും ചടങ്ങിൽ വിതരണം ചെയ്തു.ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അഡ്വ. ഡി. സുരേഷ്കുമാർ അധ്യക്ഷത വഹിച്ച ചടങ്ങിൽ ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് അഡ്വ. എ. ഷൈലജ ബീഗം, ഭിന്നശേഷി ക്ഷേമ കോർപ്പറേഷൻ ചെയർപേഴ്സൺ അഡ്വ. ജയാ ഡാളി എം ബി, വികസനകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ സുനിത എസ്, ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ വി.ആർ. സലൂജ തുടങ്ങിയവർ പങ്കെടുത്തു.

# നന്മയുള്ളവരെക്കുറിച്ച് നാലാളോട് പറയാൻ പ്രയാസം വേണ്ട; വിമർശനത്തിന് മറുപടി

തിരുവനന്തപുരം: സിപിഎം കണ്ണൂർ ജില്ലാ സെക്രട്ടറിയായി തെരഞ്ഞെടുക്കപ്പെട്ട കെ. കെ. രാഗേഷിനെ അഭിനന്ദിച്ചുകൊണ്ടുള്ള സമൂഹമാധ്യമ പോസ്റ്റിലെ വിമർശനത്തിന് മറുപടിയുമായി ദിവ്യ എസ്. അയ്യർ.

നന്മയുള്ളവരെക്കുറിച്ച് നാലാളോട് പറയാൻ പ്രയാസം വേണ്ട. ഒന്നര വർഷമായി താൻ നേരിടുന്ന വിമർശനത്തിന് കാരണം ഈ പ്രകൃതമാണെന്നും ഇൻസ്റ്റഗ്രാമിൽ പങ്കുവെച്ച വീഡിയോയിൽ ദിവ്യ പറഞ്ഞു. നമ്മളാരും എല്ലാം തികഞ്ഞവരല്ല. നമുക്ക് ചുറ്റുമുള്ളവരിൽ നന്മയും നമുക്ക് പഠിക്കാനുള്ള നിരവധി കാര്യങ്ങളും ഉണ്ടാകും. എത്ര വിചിത്രമായ ലോകമാണിതെന്നും ദിവ്യ കൂട്ടിച്ചേർത്തു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയും മുൻ രാജ്യസഭാ എംപിയുമായ കെ. കെ. രാഗേഷ് സിപിഎം കണ്ണൂർ ജില്ലാ സെക്രട്ടറിയായി തെരഞ്ഞെടുക്കപ്പെട്ടതിനു പിന്നാലെ ദിവ്യ എസ്. അയ്യർ ഇൻസ്റ്റഗ്രാമിൽ കുറിപ്പ് പങ്കുവച്ചതാണ് വിവാദമായത്. കർണ്ണന് പോലും അസൂയ തോന്നും വിധമുള്ളതാണ് കെ. കെ. ആറിന്റെ കവചമെന്ന് ദിവ്യ. എസ്. അയ്യർ ഇൻസ്റ്റഗ്രാമിൽ കുറിച്ചിരുന്നു. ഇക്കഴിഞ്ഞ മൂന്ന് വർഷങ്ങൾ അദ്ദേഹത്തിന്റെ ഔദ്യോഗിക ജീവിതം മുന്നിൽ നിന്നു വീക്ഷിച്ച എനിക്കു ഒപ്പിയെടുക്കാൻ സാധിച്ച അനവധി ഗുണങ്ങൾ ഉണ്ട്. വിശ്വസ്തതയുടെ ഒരു പാഠപുസ്തകം! കഠിനാധ്വാനത്തിന്റെ ഒരു മഷിക്കൂട്!. ഞങ്ങളെ അങ്ങേയറ്റം ബഹുമാനത്തോടെ പരിഗണിച്ചതിന് നന്ദി എന്നായിരുന്നു ദിവ്യ എസ്. അയ്യർ കുറിച്ചത്.

# തോക്ക് ചൂണ്ടിയ കേസിൽ വ്ലോഗർ തൊപ്പിയെ വിട്ടയച്ചു

കോഴിക്കോട്: സ്വകാര്യ ബസ് തൊഴിലാളികൾക്കുനേരെ തോക്ക് ചൂണ്ടിയ കേസിൽ വ്ലോഗർ തൊപ്പിയെന്നറിയപ്പെടുന്ന മുഹമ്മദ് നിഹാലിനെ വിട്ടയച്ചു. ബസ് തൊഴിലാളികൾ പരാതി നൽകാത്തതിനെ തുടർന്നാണ് അഞ്ചുമണിക്കൂറോളം കസ്റ്റഡിയിൽവച്ചശേഷം നിഹാലിനെയും രണ്ട് സുഹൃത്തുക്കളെയും വടകര പോലീസ് വിട്ടയച്ചത്. ബസ് തൊഴിലാളികൾക്കുനേരെ തൊപ്പി ചൂണ്ടിയ തോക്ക് ലൈസൻസ് ആവശ്യമില്ലാത്ത എയർ പിസ്റ്റളാണെന്ന് പരിശോധനയിൽ വ്യക്തമായിരുന്നു. തൊപ്പിയെയും രണ്ടു സുഹൃത്തുക്കളെയും കസ്റ്റഡിയിലെടുത്ത് അഞ്ചുമണിക്കൂറിനുശേഷമാണ് ബസ് ജീവനക്കാർ പോലീസ് സ്റ്റേഷനിലെത്തുകയും പരാതിയില്ലെന്ന് അറിയിക്കുകയും ചെയ്തത്.

കണ്ണൂർ കല്യാശേരി സ്വദേശി മുഹമ്മദ് നിഹാൽ വടകര ബസ് സ്റ്റാൻറിൽ വച്ച് വടകര പോലീസ് കസ്റ്റഡിയിലെടുത്തത്. മുഹമദ് നിഹാലിന്റെ കാർ കോഴിക്കോടേക്ക് പോകുകയായിരുന്ന സ്വകാര്യ ബസുമായി ഉരസിയിരുന്നു. ബസ് സൈഡ് കൊടുത്തില്ലെന്നും മറികടക്കുന്നതിനിടെ ഉരസിയെന്നുമാണ് ആരോപണം. തുടർന്ന് തൊപ്പിയും കാർ യാത്രക്കാരായ രണ്ട് പേരും വടകര ബസ്റ്റാൻഡിലെത്തി സ്വകാര്യ ബസ് ജീവനക്കാരുമായി വാക്കേറ്റം നടത്തി. ഇതിനിടെയാണ് തോക്ക് ചൂണ്ടിയത്. തുടർന്ന് ബസ് തൊഴിലാളികൾ തടഞ്ഞുവച്ച് പോലീസിൽ ഏൽപ്പിക്കുകയായിരുന്നു.

# സംസ്ഥാനത്തെ 10 ആരോഗ്യ കേന്ദ്രങ്ങൾക്ക് കൂടി ദേശീയ ഗുണനിലവാര അംഗീകാരം

## 10 എൻ.ക്യു.എ.എസ്., 2 ലക്ഷ്യ, 1 മുസ്കാൻ അംഗീകാരങ്ങൾ ആകെ 227 ആരോഗ്യ സ്ഥാപനങ്ങൾക്ക് എൻ.ക്യു.എ.എസ്.

സംസ്ഥാനത്തെ 10 ആരോഗ്യ കേന്ദ്രങ്ങൾക്ക് കൂടി ദേശീയ ഗുണനിലവാര അംഗീകാരങ്ങൾ ലഭിച്ചതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. പത്തനംതിട്ട അടൂർ ജനറൽ ആശുപത്രി (96.74%), മലപ്പുറം നിലമ്പൂർ ജില്ലാ ആശുപത്രി (92%), കുടുംബാരോഗ്യ കേന്ദ്രങ്ങളായ പാലക്കാട് മരുതറോഡ് (96.38%), ആലപ്പുഴ താമരകുളം (95.08%), ഭരണിക്കാവ് (91.12%), വയനാട് വാഴവറ്റ (95.85%), കൊല്ലം പുനലൂർ നഗര കുടുംബാരോഗ്യ കേന്ദ്രം (95.33%), ജനകീയ ആരോഗ്യ കേന്ദ്രങ്ങളായ കൊല്ലം മടത്തറ (87.52%), മലപ്പുറം അത്താണിക്കൽ (94%), വയനാട് മാടക്കുന്ന് (97.24%) എന്നീ ആരോഗ്യ കേന്ദ്രങ്ങൾക്കാണ് നാഷണൽ ക്വാളിറ്റി അഷുറൻസ് സ്റ്റാൻേഡർഡ്സ് (എൻ.ക്യു.എ.എസ്.) ലഭിച്ചത്. പത്തനംതിട്ട അടൂർ ജനറൽ ആശുപത്രി എൻ.ക്യു.എ.എസ്., ലക്ഷ്യ, മുസ്കാൻ എന്നീ അംഗീകാരങ്ങൾ ഒരുമിച്ച് ലഭിക്കുന്ന ആദ്യ ആശുപത്രിയായി. നിലമ്പൂർ ജില്ലാ ആശുപത്രിയ്ക്ക് എൻ.ക്യു.എ.എസ്., ലക്ഷ്യ എന്നീ അംഗീകാരങ്ങളാണ് ലഭിച്ചത്.

ജില്ലാതല ആശുപത്രികളെ ദേശീയ ഗുണനിലവാരത്തിലേക്ക് ഉയർത്തുക എന്നത് ഈ സർക്കാരിന്റെ കാലത്ത് പ്രത്യേക ലക്ഷ്യമായി ഏറ്റെടുത്തിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ നടപ്പിലാക്കിയ പ്രവർത്തനങ്ങൾക്കുള്ള ബഹുമതിയാണ് ഈ അംഗീകാരങ്ങൾ. മുഴുവൻ ടീം അംഗങ്ങളേയും മന്ത്രി അഭിനന്ദിച്ചു.

ഇതോടെ സംസ്ഥാനത്തെ ആകെ 227 ആരോഗ്യ സ്ഥാപനങ്ങൾക്ക് എൻ.ക്യു.എ.എസ്. അംഗീകാരവും, 5 ആരോഗ്യ സ്ഥാപനങ്ങൾക്ക് മുസ്കാൻ അംഗീകാരവും 14 ആരോഗ്യ സ്ഥാപനങ്ങൾക്ക് ലക്ഷ്യ അംഗീകാരം ലഭിച്ചു. സംസ്ഥാനത്തെ 7 ജില്ലാ ആശുപത്രികൾ, 5 താലൂക്ക് ആശുപത്രികൾ, 11 സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ, 44 നഗര കുടുംബാരോഗ്യ കേന്ദ്രങ്ങൾ, 152 കുടുംബാരോഗ്യ കേന്ദ്രങ്ങൾ, 8 ജനകീയ ആരോഗ്യ കേന്ദ്രങ്ങൾ എന്നിവ എൻ.ക്യു.എ.എസ്. അംഗീകാരം നേടിയിട്ടുണ്ട്.

മാതൃശിശു മരണ നിരക്ക് കുറയ്ക്കുക അതോടൊപ്പം തന്നെ ഗർഭിണികളായ സ്ത്രീകൾക്കും നവജാതശിശുക്കൾക്കും മികച്ച പരിചരണം നൽകിവരുന്നു എന്നു ഉറപ്പു വരുത്തുക, ലോകോത്തര നിലവാരത്തിലുള്ള പ്രസവ ചികിത്സ ലഭ്യമാക്കുക, അണുബാധ കുറയ്ക്കുക, പ്രസവ സമയത്ത് മെച്ചപ്പെട്ട സംരക്ഷണം, ഇതുകൂടാതെ പ്രസവാനന്തര ശുശ്രൂഷ, ഗുണഭോക്താക്കളുടെ സംതൃപതി, ലേബർ റൂമുകളുടെയും ഗർഭിണികൾക്കുള്ള ഓപ്പറേഷൻ തീയേറ്ററുകളുടെയും ഗുണനിലവാരം മെച്ചപ്പെടുത്തുക എന്നിവയാണ് ലക്ഷ്യ പദ്ധതിയിലൂടെ നടപ്പിലാക്കുന്നത്.നവജാത ശിശുക്കളുടെയും കുട്ടികളുടെയും രോഗാവസ്ഥയും മരണനിരക്കും കുറയ്ക്കുന്നതിനും ജനനം മുതൽ 12 വയസ് വരെയുള്ള കുട്ടികൾക്ക് പൊതുജനാരോഗ്യ കേന്ദ്രങ്ങളിൽ ഗുണനിലവാരമുള്ള ശിശു സൗഹൃദ സേവനങ്ങൾ ഉറപ്പാക്കുകയും ചെയ്യുക എന്നതാണ് മുസ്കാൻ പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നത്. നവജാത ശിശു തീവ്ര പരിചരണ യൂണിറ്റുകൾ, പ്രസവാനന്തര വാർഡുകൾ, പീഡിയാട്രിക് ഒപിഡികൾ, എന്നീ വിഭാഗങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്താനും ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു.എൻ.ക്യു.എ.എസ്., മുസ്കാൻ, ലക്ഷ്യ അംഗീകാരത്തിന് മൂന്ന് വർഷത്തെ കാലാവധിയാണുള്ളത്. മൂന്ന് വർഷത്തിന് ശേഷം ദേശീയ സംഘത്തിന്റെ പുന:പരിശോധന ഉണ്ടാകും. കൂടാതെ വർഷാവർഷം സംസ്ഥാനതല പരിശോധനയുമുണ്ടാകും.

# ഫാക്കൽറ്റി ഡെവലപ്മെന്റ് പ്രോഗ്രാം

കേരള സർക്കാരിന് കീഴിൽ പ്രവർത്തിക്കുന്ന അന്താരാഷ്ട്ര സ്വതന്ത്ര വിജ്ഞാന ഗവേഷണ വികസന കേന്ദ്രം (ഐസിഫോസ്) ലാർജ് ലാംഗ്വേജ് മോഡലുകളിൽ 5 ദിവസ ഫാക്കൽറ്റി ഡെവലപ്പ്മെന്റ് പ്രോഗ്രാം മെയ് 5 മുതൽ 9 വരെ സംഘടിപ്പിക്കും. കാര്യവട്ടം ഐസിഫോസിൽ വെച്ച് രാവിലെ 10 മുതൽ 5 മണി വരെയാണ് പ്രോഗ്രാം നടത്താൻ തീരുമാനിച്ചിരിക്കുന്നത്. ലാർജ് ലാംഗ്വേജ് മോഡലുകളിൽ അറിവും നൈപുണ്യവും വികസിപ്പിക്കുകയാണ് ഈ ഫാക്കൽറ്റി ഡെവലപ്മെന്റ് പ്രോഗ്രാമിന്റെ ലക്ഷ്യം. നൂതന സാങ്കേതികവിദ്യകളെയും പ്രവർത്തനരീതികളെയും കുറിച്ചുള്ള സമഗ്രമായ ധാരണ നൽകുകയെന്ന ഉദ്ദേശ്യത്തോടെയാണ് ഈ പരിപാടി രൂപകൽപ്പന ചെയ്തിരിക്കുന്നത്. വിവിധ കോളേജുകൾ, സർവകലാശാലകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയിൽ നിന്നുള്ള ഫാക്കൽറ്റി അംഗങ്ങൾ, പിജി വിദ്യാർഥികൾ, ഗവേഷകർ എന്നിവർക്ക് അപേക്ഷിക്കാം. ആദ്യം രജിസ്റ്റർ ചെയ്യുന്നവർക്കായിരിക്കും പരിഗണന. പരമാവധി 30 പേർക്ക് പങ്കെടുക്കാം. 3,000 രൂപയാണ് രജിസ്ട്രേഷൻ ഫീസ്. ഏപ്രിൽ 30 വരെ അപേക്ഷിക്കാം. കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനും https://icfoss.in/event-details/208 എന്ന വെബ്സൈറ്റ് സന്ദർശിക്കുക അല്ലെങ്കിൽ രാവിലെ 10 മണി മുതൽ വൈകുന്നരം 5 മണി വരെ +91 7356610110 എന്നീ നമ്പരുകളിൽ ബന്ധപ്പെടുക.

# കരുനാഗപ്പള്ളി സന്തോഷ് വധക്കേസ്; മുഖ്യപ്രതി അലുവ അതുൽ പിടിയിൽ

കൊല്ലം: കരുനാഗപ്പള്ളി സന്തോഷ് വധക്കേസിലെ മുഖ്യപ്രതി അലുവ അതുൽ പിടിയിൽ. തമിഴ്നാട്ടിലെ തിരുവള്ളൂരിൽ നിന്നാണ് ഇയാൾ പിടിയിലായത്.

കഴിഞ്ഞ ദിവസം എറണാകുളത്ത് വച്ച് നടന്ന വാഹന പരിശോധനയിൽ പൊലീസിന്റെ കൺമുന്നിൽ നിന്നാണ് ഇയാൾ രക്ഷപെട്ടത്. അന്ന് ഇയാൾക്കൊപ്പം ഭാര്യയും കുഞ്ഞുമുണ്ടായിരുന്നു. കാറിൽ ഭാര്യയെയും കുഞ്ഞിനെയും ഉപേക്ഷിച്ച് പ്രതി രക്ഷപെടുകയായിരുന്നു. അതിന് ശേഷം സംസ്ഥാനത്തിന് പുറത്തേക്കും അന്വേഷണം വ്യാപിപ്പിക്കുകയായിരുന്നു. കഴിഞ്ഞ മാർച്ച് 27നാണ് കേസിനാസ്പദമായ സംഭവം. കാറിലെത്തിയ ആറംഗ സംഘം സന്തോഷിനെ വീട്ടിൽ കയറി കൊലപ്പെടുത്തുകയായിരുന്നു.

കേസിൽ ഒന്നാം പ്രതിയാണ് അലുവ അതുൽ. ഇയാൾ പിടിയിലായതോടെ കേസിലെ ആറ് പ്രതികളും അറസ്റ്റിലായതായി പോലീസ് അറിയിച്ചു. ക്വട്ടേഷൻ നൽകിയെന്ന് പൊലീസ് കണ്ടെത്തിയ പങ്കജ് മേനോനും നേരത്തേ പിടിയിലായിരുന്നു.

# ഡി.സി.എ പരീക്ഷ മെയ് 20 ന്

സ്കോൾ കേരള നടത്തുന്ന ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ (ഡി.സി.എ) കോഴ്സ് പത്താം ബാച്ചിന്റെ പൊതു പരീക്ഷ മെയ് 20 ന് ആരംഭിക്കും. തിയറി പരീക്ഷ മെയ് 20, 21, 22, 23, 26 തീയതികളിലും, പ്രായോഗിക പരീക്ഷ 2025 മെയ് 27, 28, 29, 30 തീയതികളിലും, അതാത് പഠന കേന്ദ്രങ്ങളിൽ നടത്തും.

പരീക്ഷാ ഫീസ് പിഴ കൂടാതെ ഏപ്രിൽ 24 വരെയും 20 രൂപ പിഴയോടെ ഏപ്രിൽ 25 മുതൽ 29 വരെയും സ്കോൾ കേരള വെബ്സൈറ്റ് മുഖേന (www.scolekerala.org) ഓൺലൈനായി ഒടുക്കാം. 900 രൂപയാണ് ആകെ പരീക്ഷ ഫീസ്. ഫീസ് ഒടുക്കാനായി ഡിസിഎ പഠിതാക്കൾക്ക് അനുവദിച്ച് നൽകിയിട്ടുള്ള യൂസർനെയിം (ആപ്ലിക്കേഷൻ നമ്പർ), പാസ് വേഡ് (ജനന തീയതി) ഉപയോഗിച്ച് സ്കോൾ കേരളയുടെ വെബ്സൈറ്റിലെ സ്റ്റുഡന്റ് ലോഗിനിൽ 'ഋഃമാ എലല ജമ്യാലിേ' എന്ന ലിങ്ക് വഴി തുക ഒടുക്കണം. സ്കോൾ കേരള വെബ്സൈറ്റിൽ നിന്നും ഡൺലോഡ് ചെയ്തെടുത്ത അപേക്ഷാ ഫാറം പൂരിപ്പിച്ച് ഫീസ് ഒടുക്കിയ ഓൺലൈൻ രസീത്, സ്കോൾ കേരള അനുവദിച്ച തിരിച്ചറിയൽ കാർഡിന്റെ പകർപ്പ് എന്നിവ സഹിതം ബന്ധപ്പെട്ട പഠന കേന്ദ്രം പ്രിൻസിപ്പാൾമാർക്ക് അപേക്ഷ സമർപ്പിക്കണം. ഇന്റേണൽ പരീക്ഷക്ക് 40 ശതമാനം മാർക്കും സമ്പർക്ക ക്ലാസിൽ പങ്കെടുത്ത 75 ശതമാനം ഹാജരുമാണ് പരീക്ഷ എഴുതാനുള്ള യോഗ്യത. ഡി.സി.എ ഒന്നാം ബാച്ച് (2015 ഒക്ടോബർ) മുതൽ ആറാം ബാച്ച് (2022 മെയ്) വരെയുള്ള വിദ്യാർത്ഥികൾക്കും (Old Scheme), ഏഴ്, എട്ട്, ഒൻപത് (2024 മെയ്) ബാച്ചുകളിലെ പൊതുപരീക്ഷക്ക് രജിസ്റ്റർ ചെയ്യുകയും എന്നാൽ വിവിധ കാരണങ്ങളാൽ പൂർണ്ണമായോ / ഏതെങ്കിലും വിഷയങ്ങൾ മാത്രമായോ എഴുതാൻ കഴിയാത്ത വിദ്യാർഥികൾക്കും, ഏതെങ്കിലും വിഷയങ്ങളിൽ നിർദ്ദിഷ്ട യോഗ്യത നേടാത്തവർക്കും നിബന്ധനകൾക്ക് വിധേയമായി 2025 മെയിലെ പരീക്ഷക്ക് അപേക്ഷ സമർപ്പിക്കാം. വിശദാംശങ്ങൾ സ്കോൾ കേരള ഫോൺ : 0471-2342950, 2342271.

# അയൽവാസികൾ തമ്മിൽ തർക്കം; ആലപ്പുഴയിൽ വീട്ടമ്മയെ തലയ്ക്കടിച്ച് കൊലപ്പെടുത്തി

ആലപ്പുഴ: അരൂകുറ്റിയിൽ അയൽവാസികൾ തമ്മിലുള്ള തർക്കത്തിനിടെ വീട്ടമ്മയെ ചുറ്റികയ്ക്ക് തലയ്ക്കടിച്ച് കൊലപ്പെടുത്തി. അരൂക്കുറ്റി സ്വദേശി വനജ(50) ആണ് മരിച്ചത്. അയൽവാസികളായ വിജേഷും ജയേഷുമാണ് ഇവരെ ആക്രമിച്ചത്. ചൊവ്വാഴ്ച രാത്രി പത്തരയോടെയാണ് സംഭവം. വാക്കുതർക്കത്തിനിടെ തൊട്ടടുത്തുണ്ടായിരുന്ന ചുറ്റിയെടുത്ത് ഇവർ വനജയെ ആക്രമിക്കുകയായിരുന്നു. വിജേഷും ജയേഷും നിലവിൽ ഒളിവിലാണ്. ഇവർക്കായുള്ള തെരച്ചിൽ തുടരുകയാണെന്ന് പോലീസ് അറിയിച്ചു. പ്രതികളും വനജയുമായി ഇടയ്ക്കിടെ പ്രശ്നം ഉണ്ടാകാറുണ്ടെന്ന് പോലീസ് പറഞ്ഞു.

# ബാറിൽവച്ച് തുറിച്ച് നോക്കി; യുവാവിന് നേരെ വടിവാൾ വീശി ആക്രമണം

തൃശൂർ: ബാറിൽവച്ച് തുറിച്ച് നോക്കിയെന്ന പേരിൽ യുവാവിന് നേരെ മർദ്ദനം. നാട്ടിക സ്വദേശിയായ വിബിൻ കുമാറിന് നേരെയായിരുന്നു ആക്രമണം. വിഷു ദിനത്തിൽ മദ്യപിച്ച് ബാറിൽനിന്ന് പുറത്തിറങ്ങിയ വിബിനും മറ്റു രണ്ട് പേരും തമ്മിലായിരുന്നു തർക്കം. തൃപയാർ ബാറിലാണ് സംഭവം. ബാറിൽ വെച്ച് തങ്ങളെ എന്തിനാണ് തുറിച്ച് നോക്കുന്നതെന്ന് ചോദിച്ച് ഇവർ വിബിനുമായി തർക്കത്തിലേർപ്പെടുകയായിരുന്നു. പിന്നാലെ യുവാവിനെ പിടിച്ച് തള്ളി നിലത്തിടുകയും മുഖം ഇടിച്ച് പരിക്കേൽപ്പിക്കുകയുമായിരുന്നു. തുടർന്ന് ഇവർ വടിവാൾ പുറത്തെടുത്തു വിബിനെ വെട്ടികൊലപ്പെടുത്താൻ ശ്രമിച്ചുവെങ്കിലും യുവാവ് രക്ഷപ്പെടുകയായിരുന്നു. പ്രതികളായ അമൽ, മിഥുൻ എന്നിവരെ സംഭവത്തിൽ പോലീസ് അറസ്റ്റ് ചെയ്തു.

# രാഹുലിനും സോണിയയ്ക്കുമെതിരേ ഇഡി; രാജ്യവ്യാപക പ്രതിഷേധത്തിന് കോൺഗ്രസ്

ന്യൂഡൽഹി: നാഷണൽ ഹെറാൾഡ് കേസിൽ ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധിക്കും കോൺഗ്രസ് പാർലമെൻററി പാർട്ടി അധ്യക്ഷ സോണിയ ഗാന്ധിക്കുമെതിരേ കുരുക്ക് മുറുക്കി എൻഫോഴ്സ് മെൻറ് ഡയറക്ടറേറ്റ് (ഇഡി).

നാഷണൽ ഹെറാൾഡ് കേസിൽ കള്ളപ്പണ ഇടപാട് നടന്നിട്ടുണ്ടെന്നും രാഹുലും സോണിയയും 5,000 കോടിയുടെ സ്വത്തുക്കൾ കൈക്കലാക്കിയെന്നും ഇഡി കുറ്റപത്രത്തിൽ പറയുന്നു. കള്ളപ്പണ ഇടപാട് സംബന്ധിച്ച സുപ്രധാന രേഖകളും ഇഡി കൈമാറിയിട്ടുണ്ടെന്നാണ് വിവരം.

അതേസമയം ഇഡി രാഷ്ട്രീയം കളിക്കുകയാണെന്ന് ആരോപിച്ച് ഇന്ന് കോൺഗ്രസ് രാജ്യവ്യാപക പ്രതിഷേധം സംഘടിപ്പിക്കും. കോൺഗ്രസ് ആസ്ഥാനത്തുനിന്ന് ഇഡി ആസ്ഥാനത്തേക്ക് കോൺഗ്രസ് പ്രവർത്തകർ മാർച്ച് നടത്തും. എല്ലാ സംസ്ഥാനത്തും ഇഡി ആസ്ഥാനത്തേക്കും കേന്ദ്ര സർക്കാർ ഓഫീസുകളിലേക്കും പ്രവർത്തകർ പ്രതിഷേധ മാർച്ച് നടത്തും.

ഇഡി ഡൽഹി റോസ് അവന്യു കോടതിയിൽ സമർപ്പിച്ച കുറ്റപത്രത്തിൽ ഇന്ത്യൻ ഓവർസീസ് കോൺഗ്രസ് മേധാവി സാം പിത്രോഡ, സുമൻ ദുബെ തുടങ്ങിയവരുടെ പേരുകളും ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ മാസം 25ന് കോടതി കേസ് പരിഗണിക്കും.

നാഷണൽ ഹെറാൾഡ് കേസുമായി ബന്ധപ്പെട്ട് സോണിയ ഗാന്ധിയെയും രാഹുൽ ഗാന്ധിയെയും ഇഡി നേരത്തേ ചോദ്യംചെയ്തിരുന്നു. കഴിഞ്ഞ ശനിയാഴ്ച നാഷണൽ ഹെറാൾഡിന്റെ 661 കോടി രൂപയുടെ സ്വത്ത് കണ്ടുകെട്ടാനുള്ള നടപടികളും ഇഡി ആരംഭിച്ചിരുന്നു. ഇതിനുപിന്നാലെയാണ് കേസിൽ കുറ്റപത്രം സമർപ്പിച്ചിരിക്കുന്നത്.

കേന്ദ്രസർക്കാരിന്റെ പ്രതികാര രാഷ്ട്രീയമെന്നാണ് വിഷയത്തോടു കോൺഗ്രസ് പ്രതികരിച്ചത്. പ്രധാനമന്ത്രി നരേന്ദ്ര മോദിയും അമിത് ഷായും പ്രതിപക്ഷ നേതാക്കളെ ഭീഷണിപ്പെടുത്തുന്നതിന് കേന്ദ്ര ഏജൻസികളെ ഉപയോഗിക്കുന്നതായും കോൺഗ്രസ് ജനറൽ സെക്രട്ടറി ജയ്റാം രമേശ് പ്രതികരിച്ചു.

കോൺഗ്രസ് നിയന്ത്രണത്തിലുള്ള അസോസിയേറ്റഡ് ജേർണൽസ് ലിമിറ്റഡിന്റെ (എജെഎൽ) 2000 കോടിയിലധികം രൂപയുടെ സ്വത്തുക്കൾ 50 ലക്ഷം രൂപയ്ക്ക് രാഹുലിനും സോണിയയ്ക്കും ഓഹരിയുള്ള യംഗ് ഇന്ത്യൻ പ്രൈവറ്റ് ലിമിറ്റഡ് തട്ടിയെടുത്തു എന്നായിരുന്നു ആരോപണം.

ബിജെപി നേതാവ് സുബ്രഹ്മണ്യൻ സ്വാമിയാണ് നാഷണൽ ഹെറാൾഡ് ഇടപാടിൽ 2012ൽ പരാതിയുമായി രംഗത്തെത്തിയത്. എജെഎൽ കമ്പനിയെ ഗാന്ധി കുടുംബം തെറ്റായ മാർഗത്തിലൂടെ തട്ടിയെടുത്തുവെന്നായിരുന്നു സുബ്രഹ്മണ്യൻ സ്വാമിയുടെ പരാതി. 1938ൽ ജവഹർലാൽ നെഹ്റു പാർട്ടിയുടെ മുഖപത്രമായി ആരംഭിച്ച 'നാഷണൽ ഹെറാൾഡ്' 2008 ഏപ്രിലിലാണ് അച്ചടി നിർത്തിയത്. പത്രം പൂട്ടിയതിനുപിന്നാലെ കമ്പനിയിലെ ഇരുനൂറോളം ജീവനക്കാർക്ക് സ്വയം വിരമിക്കൽ ആനുകൂല്യം നൽകി. ജീവനക്കാരെ സംതൃപ്തിയോടെ പിരിച്ചുവിടണമെന്ന സോണിയ ഗാന്ധിയുടെ നിർദേശത്തെത്തുടർന്ന് 50 കോടിയിലധികം രൂപയുടെ വിരമിക്കൽ ആനുകൂല്യമാണ് മാനേജ്മെൻറ് അന്നു നൽകിയത്.

ഇതോടൊപ്പം നാഷണൽ ഹെറാൾഡിന്റെ ബാധ്യത തീർക്കാനായി 2011ൽ ഐഎസിസി 90 കോടി രൂപ പലിശരഹിത വായ്പയായി അനുവദിച്ചതായി പരാതിക്കാരൻ സുബ്രഹ്മണ്യൻ സ്വാമി ആരോപിച്ചു. രാഷ്ട്രീയപാർട്ടികൾ പലിശരഹിത വായ്പ നൽകുന്നത് ഇന്ത്യയിൽ നിയമ വിരുദ്ധമാണെന്നും പരാതിക്കാരൻ ചൂണ്ടിക്കാട്ടുന്നു. ഈ വിഷയങ്ങളെല്ലാം മുൻനിർത്തി 2021 ലാണ് ഇഡി ഔദ്യോഗിക അന്വേഷണം ആരംഭിച്ചത്.



വയനാട് ദുരിതബാധിതരെ സഹായിക്കാനായി ജോയിന്റ് കൗൺസിൽ അംഗങ്ങൾ സംഭാവനയായി നൽകിയ 55 ലക്ഷം രൂപയുടെ ചെക്ക് മുഖ്യമന്ത്രി പിണറായി വിജയന് കൈമാറുന്നു

# മാപ്പ് പറഞ്ഞില്ലെങ്കിൽ നികുതിയില്ലാ ആനുകൂല്യങ്ങൾ റദ്ദാക്കും; ഹാർവാർഡ് സർവകലാശാലയ്ക്കെതിരേ ഭീഷണി തുടർന്ന് ട്രംപ്

വാഷിംഗ്ടൺ ഡിസി: ഹാർവാർഡ് സർവകലാശാലയ്ക്കെതിരേ പുതിയ ഭീഷണിയുമായി അമേരിക്കൻ പ്രസിഡൻറ് ഡോണാൾഡ് ട്രംപ്. മാപ്പ് പറഞ്ഞില്ലെങ്കിൽ നികുതിയില്ലാ ആനുകൂല്യങ്ങൾ റദ്ദാക്കുമെന്നാണ് ട്രംപിന്റെ ഭീഷണി.

രാഷ്ട്രീയ സ്ഥാപനമായി കണക്കാക്കി നികുതി ചുമത്തും എന്നും ട്രംപ് അറിയിച്ചു. അതേസമയം ട്രംപിന്റെ ഭീഷണിക്ക് മുന്നിൽ വഴങ്ങാത്ത സർവകലാശാലയെ അഭിനന്ദിച്ച് യുഎസ് മുൻ പ്രസിഡൻറ് ബറാക്ക് ഒബാമ രംഗത്തെത്തി.

സർവകലാശാലയ്ക്കുള്ള 2.2 ബില്യൺ ഡോളറിന്റെ ഫെഡറൽ ഫണ്ടിംഗ് മരവിപ്പിച്ചിരുന്നു. കാമ്പസിലെ സാമൂഹിക, രാഷ്ട്രീയ പരിപാടികൾ പരിമിതപ്പെടുത്തണമെന്ന ട്രംപിന്റെ നിബന്ധന അംഗീകരിക്കാതിരുന്നതോടെയാണ് പ്രതികാരനടപടി. വെള്ളിയാഴ്ച സർവകലാശാലയ്ക്കയച്ച കത്തിൽ മെറിറ്റ് അധിഷ്ഠിത പ്രവേശനം, നിയമനം തുടങ്ങി നിരവധി പരിഷ്കാരങ്ങളാണു ട്രംപ് ഭരണകൂടം നിർദേശിച്ചത്.

അമേരിക്കൻ മൂല്യങ്ങളോട് എതിർപ്പ് പ്രകടിപ്പിക്കുന്ന വിദ്യാർഥികളുടെ വിവരങ്ങൾ സർക്കാരിനു റിപ്പോർട്ട് ചെയ്യുക, ജൂതവിരുദ്ധത പ്രകടമാകുന്ന പരിപാടികളും സർവകലാശാല ഡിപ്പാർട്ട്മെൻറുകളും പരിശോധിക്കുന്നതിനു സർവകലാശാലയ്ക്കു പുറത്തുനിന്നുള്ള സർക്കാർ അംഗീകൃത കക്ഷിയെ നിയമിക്കുക തുടങ്ങിയവയും നിർദേശങ്ങളിൽ ഉൾപ്പെടുന്നു.

# നന്മയുള്ളവരെക്കുറിച്ച് നാലാളോട് പറയാൻ പ്രയാസം വേണ്ട; വിമർശനത്തിന് മറുപടിയുമായി ദിവ്യ എസ്. അയ്യർ

# ഈസ്റ്റർ: എസ്എംവിടി ബംഗളൂരു–കൊല്ലം സ്പെഷൽ ട്രെയിനുകൾ അനുവദിച്ചതായി കൊടിക്കുന്നിൽ സുരേഷ്

കൊല്ലം: ഈസ്റ്റർ ആഘോഷങ്ങളുടെ ഭാഗമായി ബംഗളൂരുവിൽനിന്നും മധ്യ തിരുവതാംകൂറിലേക്ക് ട്രെയിൻ യാത്ര സുഗമമാക്കുന്നതിനായി ബംഗളൂരുവിൽനിന്നും കോട്ടയം വഴി കൊല്ലത്തേക്ക് രണ്ട് സ്പെഷൽ ട്രെയിനുകൾ അനുവദിപ്പിച്ചതായി കൊടിക്കുന്നിൽ സുരേഷ് എംപി.

ട്രെയിൻ നമ്പർ 06577/06578 എസ്എംവിടി ബംഗളൂരു–കൊല്ലം–എസ്എംവിടി ബംഗളൂരു സ്പെഷൽ ഏപ്രിൽ 17ന് ബംഗളൂരുവിൽനിന്ന് യാത്ര തിരിച്ച് 18ന് കൊല്ലത്തു നിന്നും ബംഗളൂരിവിലേക്ക് തിരികെ പോകും.

ട്രെയിൻ നമ്പർ 06585/06586 എസ്എംവിടി ബംഗളൂരു–കൊല്ലം–എസ്എംവിടി ബംഗളൂരു സ്പെഷൽ ഏപ്രിൽ 19ന് ബംഗളൂരുവിൽനിന്നും കൊല്ലത്തേക്ക് യാത്ര തിരിച്ച് 20ന് കൊല്ലത്തു നിന്നും ബംഗളൂരിവിലേക്ക് തിരികെ പോകും.

യാത്രക്കാരുടെ തിരക്ക് പരിഗണിച്ച് റെയിൽവേ മന്ത്രിയോട് പ്രത്യേകമായി ആവശ്യപ്പെട്ടാണ് സ്പെഷൽ ട്രെയിനുകൾ അനുവദിപ്പിച്ചതെന്ന് കൊടിക്കുന്നിൽ സുരേഷ് പറഞ്ഞു. ഇരു ട്രെയിനുകളും ഓരോ സർവീസ് വീതം ആയിരിക്കും നടത്തുക. മാവേലിക്കര മണ്ഡലത്തിലെ പ്രധാന സ്റ്റേഷനുകളായ ചങ്ങനാശേരി, ചെങ്ങന്നൂർ, മാവേലിക്കര എന്നിവിടങ്ങളിൽ ഇരു ട്രെയിനുകൾക്കും സ്റ്റോപ്പ് ഉണ്ട്.

നിരന്തരമായ ശ്രമത്തിന്റെ ഫലമായി ബംഗളൂരുവിലും കേരളത്തിലുമായി ജോലി ചെയ്യുന്ന ഒട്ടനവധി തൊഴിലാളികൾക്കും വിദ്യാർഥികൾക്കും ആശ്വാസം നൽകുന്ന രീതിയിലാണ് ഈ സർവീസ് പ്രഖ്യാപിച്ചിരിക്കുന്നതെന്ന് കൊടിക്കുന്നിൽ സുരേഷ് പറഞ്ഞു. കൊല്ലം വഴി കൂടുതൽ റൂട്ടുകളിൽ പ്രത്യേക ട്രെയിനുകൾ അനുവദിക്കണമെന്ന് റെയിൽവേ അധികൃതരോട് തുടർച്ചയായി ആവശ്യപ്പെട്ടുകൊണ്ടിരിക്കുകയാണെന്നും കൊടിക്കുന്നിൽ സുരേഷ് കൂട്ടിച്ചേർത്തു.

ഇരു ട്രെയിനുകളിലും ഓരോ എസി 2 ടയർ 3 ടയർ കോച്ചുകളും എട്ട് സ്ലീപ്പർ കോച്ചുകളും നാലു വീതം ജനറൽ കോച്ചുകളും രണ്ട് സെക്കൻഡ് സിറ്റിംഗ് കോച്ചുകളും ഉണ്ടായിരിക്കും.

# എഴുപുന്ന ശ്രീനാരായണപുരം ക്ഷേത്രത്തിൽ വൻ മോഷണം

അരൂർ: എഴുപുന്ന ശ്രീനാരായണപുരം മഹാക്ഷേത്രത്തിൽ വൻ മോഷണം. 20 പവൻ വരുന്ന ദേവന്റെ തിരുവാഭരണങ്ങളാണ് നഷ്ടപ്പെട്ടത്. കീഴ്ശാന്തി കൊല്ലം സ്വദേശി ഒ. ടി. രാമന്ദ്രനെ കാണാനില്ല.

തിരുവാഭരണം വിഷുതലേന്ന് വൈകിട്ട് ആറോടെ ദേവന് ചാർത്തുന്നതിന് ദേവസ്വം ഭാരവാഹികൾ കീഴ്ശാന്തി ഒ. ടി. രാമചന്ദ്രനു നൽകിയിരുന്നു. ഇത് വിഷു പുലർച്ചെ ദേവനു ചാർത്തിയിരുന്നു.

വിഷു ദിനത്തിൽ വൈകിട്ട് ദീപാരാധനയ്ക്കു ശേഷം തിരിച്ചു നൽകേണ്ടതാണ്. എന്നാൽ ഒന്നിലേറെ പ്രവശ്യം ദേവസ്വം അധികാരികൾ ആഭരണങ്ങൾ ആവശ്യപ്പെട്ടെങ്കിലും ഇയാൾ ഒഴിഞ്ഞു മാറി.

പിന്നീട് ഇയാളെ കാണാതാവുകയായിരുന്നു. തുടർന്ന് ശീകോവിലിലും മറ്റും പരിശോധന നടത്തിയെങ്കിലും തിരുവാഭരണങ്ങൾ കണ്ടുകിട്ടിയില്ല. തുടർന്ന് ദേവസ്വം ഭാരവാഹികൾ അരൂർ പോലീസിൽ പരാതി നൽകി.

രണ്ട് നെക്ലസുകൾ. 10 പവൻ വരുന്ന മാല, 26.59 ഗ്രാം വരുന്ന കിരീടം ഉൾപ്പടെ 20 പവനോളം സ്വർണാഭരണങ്ങളാണ് നഷ്ടപ്പെട്ടത്. നാലു മാസം മുമ്പാണ് കീഴ്ശാന്തി രാമചന്ദ്രൻ ഇവിടെ എത്തുന്നത്. ഇയാളെ സംബന്ധിച്ചുള്ള ഒരു വിവരങ്ങളും ക്ഷേത്രം ഭാരവാഹികളുടെ കൈവശമില്ല എന്നാണ് അറിയുന്നത്. പോലീസ് കേസെടുത്ത് അന്വേഷണം ആരംഭിച്ചിട്ടുണ്ട്.

# സുഹൃത്ത് ആഡംബര വീടുവച്ചു: സാമ്പത്തിക വളർച്ചയിൽ അസൂയ; 18കാരനെ വിഷം കൊടുത്ത് കൊന്ന് അയൽവാസി

മുംബൈ: സുഹൃത്തായ യുവാവിനെ വിഷം കൊടുത്ത് കൊലപ്പെടുത്തിയ കേസിൽ അയൽവാസി അറസ്റ്റിൽ. മഹാരഷ്ട്രയിലെ നാഗ്പൂർ നഗരത്തിലാണ് സംഭവം. ഹഡ്കേശ്വറിലെ നീലകാന്ത് നഗറിൽ താമസിക്കുന്ന മിഥലേഷ് എന്ന മന്ഥൻ രാജേന്ദ്ര ചക്കോലി (19) നെയാണ് തിങ്കളാഴ്ച പോലീസ് അറസ്റ്റ് ചെയ്തത്. അയൽവാസിയും സുഹൃത്തുമായ വേദാന്ത് എന്ന വിജയ് കാളിദാസ് ഖണ്ഡേറ്റെയെയാണ് ഇയാൾ വിഷം കൊടുത്ത് കൊലപ്പെടുത്തിയത്. വേദാന്തിന്റെ കുടുംബം ഉയർന്ന സാമ്പത്തിക പശ്ചാത്തലമുള്ളവരായിരുന്നു. അടുത്തിടെ ഇവർ പ്രതിയുടെ വീടിന് സമീപത്തായി ആധുനിക സൗകര്യങ്ങളോട് കൂടിയ ഒരു ഇരുനിലവീട് പണികഴിപ്പിച്ചു.

എന്നാൽ പ്രതി ഒരു ചെറിയ വീട്ടിലാണ് താമസിച്ചിരുന്നത്. ഇതിൽ അസൂയ തോന്നിയ മിഥിലേഷ് സുഹൃത്തിനെ കൊലപ്പെടുത്താൻ തീരുമാനിക്കുകയായിരുന്നു. ഏപ്രിൽ എട്ടിന്, മിഥിലേഷ് വേദാന്തിനെ അടുത്തുള്ള ഒരു 'പാൻ' കടയിലേക്ക് വിളിച്ചുവരുത്തി. അവിടെ വെച്ച് ഇരുവരും ശീതളപാനീയങ്ങൾ കുടിച്ചു. പ്രതി വേദാന്തിന്റെ പാനീയത്തിൽ പാറ്റയെ അകറ്റുന്ന ഒരു ജെൽ ചേർത്തതായി ഉദ്യോഗസ്ഥർ പറഞ്ഞു. വീട്ടിലേക്ക് മടങ്ങിയ വേദാന്തിന്. തലകറക്കം അനുഭവപ്പെട്ടു. ആരോഗ്യനില പെട്ടന്ന് വഷളായതോടെ യുവാവിനെ സക്കർദാരയിലെ ഒരു ആശുപത്രിയിൽ പ്രവേശിപ്പിച്ചെങ്കിലും ചികിത്സയിലിരിക്കെ മരണപ്പെട്ടു.

വേദാന്തത്തിന്റെ പോസ്റ്റ്മാർട്ടം റിപ്പോർട്ടിൽ മരണകാരണം വിഷം ഉള്ളിൽ ചെന്നാണെന്ന് വ്യക്തമാക്കിയിരുന്നു. ഇതാണ് പോലീസിനെ പ്രതിയിലേക്കെത്തിച്ചത്.

# മന്ത്രി ശശീന്ദ്രനടക്കമുള്ള യാത്രക്കാരുമായി പറന്നുപൊങ്ങിയ എയർ ഇന്ത്യ വിമാനം തിരിച്ചിറക്കി

മുംബൈ: മന്ത്രി എ. കെ. ശശീന്ദ്രൻ അടക്കം അമ്പതിലേറെ യാത്രക്കാരുമായി മുംബൈയിൽ നിന്നു പറന്നുപൊങ്ങിയ എയർ ഇന്ത്യ വിമാനം തിരിച്ചിറക്കി. പുലർച്ചെ 5.40ന് മുംബൈയിൽ നിന്നു തിരുവനന്തപുരത്തേക്കു പുറപ്പെട്ട വിമാനമാണ് ഒരു മണിക്കൂർ പറന്ന ശേഷം തിരിച്ചിറക്കിയത്. സാങ്കേതിക തകരാർ കാരണം തിരിച്ചിറക്കിയെന്നാണ് വിശദീകരണം. യാത്രക്കാർ സുരക്ഷിതരാണ്. ഇവർക്ക് മറ്റൊരു വിമാനം ഏർപ്പെടുത്തുമെന്ന് എയർ ഇന്ത്യ അറിയിച്ചിട്ടുണ്ട്.

# അഫ്ഗാനിസ്ഥാനിൽ ശക്തമായ ഭൂചലനം; 5.9 തീവ്രത, പ്രകമ്പനം ഡൽഹിയിലും

കാബൂൾ: അഫ്ഗാനിസ്ഥാനിൽ ശക്തമായ ഭൂചലനം. ഹിന്ദുക്കുഷ് മേഖലയിൽ ഇന്നുപുലർച്ചെയായിരുന്നു 5.9 തീവ്രത രേഖപ്പെടുത്തിയ ഭൂചലനം അനുഭവപ്പെട്ടത്. ആളപായമോ നാശനഷ്ടങ്ങളോ റിപ്പോർട്ട് ചെയ്തിട്ടില്ല.

121 കിലോമീറ്റർ (75 മൈൽ) ആഴത്തിലാണ് ഭൂകമ്പം ഉണ്ടായതെന്ന് യൂറോപ്യൻ – മെഡിറ്ററേനിയൻ സീസ്മോളജിക്കൽ സെൻറർ (ഇഎംഎസ്സി) അറിയിച്ചു. അതേസമയം ഡൽഹിയിലും ഭൂചലനം അനുഭവപ്പെട്ടതായി നാഷണൽ സെൻറർ ഫോർ സീസ്മോളജി (എൻസിഎസ്) അറിയിച്ചു.

# വെൻറിലേറ്ററിൽ ചികിത്സയിൽ കഴിയവേ ബലാത്സംഗത്തിന് ഇരയായി; എയർ ഹോസ്റ്റസിന്റെ പരാതിയിൽ അന്വേഷണം

ഗുരുഗ്രാം: സ്വകാര്യ ആശുപത്രിയിൽ തീവ്രപരിചരണ വിഭാഗത്തിൽ ചികിത്സയിൽ കഴിയുന്നതിനിടെ ബലാത്സംഗത്തിന് ഇരയായെന്ന് എയർഹോസ്റ്റസ്. ഹരിയാനയിലെ ഗുരുഗ്രാമിൽ കഴിഞ്ഞ ഏപ്രിൽ ആറിനായിരുന്നു സംഭവം.

ഏപ്രിൽ 13ന് ആശുപത്രിയിൽ നിന്ന് വീട്ടിൽ തിരികെ എത്തിയപ്പോഴാണ് പീഡനത്തിനിരയായ വിവരം ഇവർ ഭർത്താവിനോടു പറഞ്ഞത്. എയർലൈൻസ് കമ്പനിയുടെ പരിശീലനത്തിനായാണ് നാൽപത്തിയാറുകാരിയായ ഇവർ ഗുരുഗ്രാമിലെത്തിയത്. ഹോട്ടലിൽ താമസിക്കവേ ആരോഗ്യനില മോശമായതിനെതുടർന്ന് ഗുരുഗ്രാമിലെ സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ഏപ്രിൽ അഞ്ചിന് യുവതി കിടക്കുന്ന ആശുപത്രിയിലെത്തിയ ഭർത്താവ് വിദഗ്ധ ചികിത്സയ്ക്കായി മറ്റൊരു ആശുപത്രിയിലേക്ക് മാറ്റി. ഇവിടെ വെൻറിലേറ്റിൽ കഴിയവേ ആശുപത്രി ജീവനക്കാരിൽ ഒരാൾ തന്നെ പീഡിപ്പിച്ചെന്നാണ് പരാതി. പകുതി ബോധത്തിൽ തനിക്ക് സംസാരിക്കാൻ കഴിഞ്ഞിരുന്നില്ലെന്നും വളരെ ഭയന്നിരുന്നുവെന്നും യുവതി നൽകിയ പരാതിയിൽ പറയുന്നു.

ഇവരുടെ പരാതിയിൽ സദർ പോലീസ് കേസെടുത്ത് അന്വേഷണം തുടങ്ങി. പ്രതിയെ തിരിച്ചറിയുന്നതിനായി ആശുപത്രി ജീവനക്കാരുടെ ഡ്യൂട്ടി സമയം അന്വേഷിക്കുന്നതായും സിസിടിവി ദൃശ്യങ്ങൾ പരിശോധിക്കുന്നതായും പോലീസ് അറിയിച്ചു.

# ബിജു പട്നായിക്കിന്റെ പ്രതിമയ്ക്ക് തീവച്ചു; ഒരാൾ അറസ്റ്റിൽ

ഭുവനേശ്വർ: ഒഡീഷ മുൻ മുഖ്യമന്ത്രി ബിജു പട്നായിക്കിന്റെ പ്രതിമയ്ക്ക് തീവച്ചു. ബൊലാംഗീർ ജില്ലയിലെ പട്നഗഢ് പട്ടണത്തിലാണ് സംഭവം.

സംഭവത്തെ അപലപിച്ച് മുഖ്യമന്ത്രി മോഹൻ ചരൺ മാജിയും ബിജെഡി, സിപിഐ, മറ്റ് ഇടതുപക്ഷ പാർട്ടികളും രംഗത്തെത്തി. ഇത് ഏതെങ്കിലും തരത്തിലുള്ള മാനസികരോഗം ബാധിച്ച താഴ്ന്ന നിലയിലുള്ള ഒരാളുടെ പ്രവൃത്തിയായിരിക്കാമെന്ന് ഒഡീഷ മുഖ്യമന്ത്രി മോഹൻ ചരൺ മാജി പറഞ്ഞു. സംഭവത്തിൽ ഒരാളെ പിടികൂടിയിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു. മാർച്ച് 5 ന് ബിജു പട്നായിക്കിന്റെ ജന്മദിനത്തിൽ അദ്ദേഹത്തിന്റെ സ്മരണയ്ക്കായി സർക്കാർ സംസ്ഥാനതല പരിപാടി സംഘടിപ്പിച്ചതായും മാജി പ്രസ്താവനയിൽ പരാമർശിച്ചു.

# വഖഫ് നിയമ ഭേദഗതിക്കെതിരായ ഹർജികൾ സുപ്രീം കോടതി ഇന്നു പരിഗണിക്കും

ന്യൂഡൽഹി: കേന്ദ്രസർക്കാർ പാസാക്കിയ വഖഫ് ഭേദഗതി നിയമം ചോദ്യം ചെയ്തുള്ള ഹർജികൾ ചീഫ് ജസ്റ്റീസ് സഞ്ജീവ് ഖന്ന അധ്യക്ഷനായ ബെഞ്ച് ഇന്നു പരിഗണിക്കും. 13–മത്തെ കേസായാണു ഹർജികൾ ലിസ്റ്റ് ചെയ്തിരിക്കുന്നത്.

നിയമത്തിന്റെ ഭരണഘടനാസാധുത ചോദ്യം ചെയ്തു കോൺഗ്രസ്, മുസ്ലിം ലീഗ്, സമസ്ത ഉൾപ്പെടെ നൽകിയ പത്തോളം ഹർജികളാണ് കോടതിക്കു മുന്നിലുള്ളത്. ജസ്റ്റീസുമാരായ സഞ്ജയ് കുമാർ, കെ. വി. വിശ്വനാഥൻ തുടങ്ങിയവരാണ് ബെഞ്ചിലെ മറ്റ് അംഗങ്ങൾ.

നിയമത്തിന്റെ ഭരണഘടനാ സാധുത ചോദ്യം ചെയ്തു നിരവധി ഹർജികൾ കോടതിക്കു മുന്നിലെത്തിയെങ്കിലും അവ പരിഗണിക്കാൻ ലിസ്റ്റ് ചെയ്തിട്ടില്ല.

സിപിഐ, തമിഴ്നാട്ടിലെ ടിവികെ പാർട്ടി അധ്യക്ഷനും നടനുമായ വിജയ്, വൈഎസ്ആർസിപി, തൃണമൂൽ കോൺഗ്രസ് തുടങ്ങിയവരും വഖഫ് നിയമ ഭേദഗതിക്കെതിരേ സുപ്രീം കോടതിയെ സമീപിച്ചിട്ടുണ്ട്.

# സൗദിയിൽ കാറും മിനി ട്രക്കും കൂട്ടിയിടിച്ച് മലയാളി മരിച്ചു

റിയാദ്: സൗദി മധ്യപ്രവിശ്യയിലെ അൽ ഗാത്ത്– മിദ്നബ് റോഡിലുണ്ടായ വാഹനാപകടത്തിൽ കോഴിക്കോട് കാരപ്പറമ്പ് സ്വദേശി റയിസ് (32) മരിച്ചു. റയിസിന്റെ ഭാര്യ നിദ സഫർ പരിക്കുകളോടെ രക്ഷപ്പെട്ടു. മൃതദേഹം അൽഗാത്ത് ജനറൽ ആശുപത്രിയിലേക്ക് മാറ്റി. റിയാദിലെ വഹ്ജ് തുവൈഖ് കോൺട്രാക്റ്റിംഗ് കമ്പനിയിൽ ഐടി ടെക്നീഷ്യനാണ് റയിസ്.

മിദ്നബിലെ ജോലി സ്ഥലത്തേക്ക് പോകുന്നതിനിടെയാണ് അപകടം. റയിസ് സഞ്ചരിച്ച കാറും എതിരെ വന്ന മിനി ട്രക്കും കൂട്ടിയിടിക്കുകയായിരുന്നു. അപകടത്തിൽ കാർ പൂർണമായും തകർന്നു. റയിസ് സംഭവസ്ഥലത്തുവച്ച് തന്നെ മരിച്ചു.

# സർട്ടിഫിക്കറ്റ് കോഴ്സ്

സ്കൂൾ വിദ്യാർഥികൾക്കു വേണ്ടി പൂജപ്പുര എൽ.ബി.എസ് വനിതാ എൻജിനിയറിങ് കോളേജിൽ അഞ്ച് ദിവസത്തെ ROBOTICS & IOT സർട്ടിഫിക്കറ്റ് കോഴ്സ് നടത്തുന്നു. ഏപ്രിൽ 28ന് ആരംഭിക്കുന്ന കോഴ്സിലേക്ക് ചേരാൻ താൽപ്പര്യമുള്ളവർ ഓഫീസുമായോ 9446687909 എന്ന നമ്പറിലോ ബന്ധപെടുക. വിശദവിവരങ്ങൾക്ക്: www.lbt.ac.in .

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.



കേരള സ്റ്റേറ്റ് ബുക്ക് മാർക്കിന്റെ പ്രവർത്തന മികവ് വിശദീകരിക്കുന്ന ബ്രോഷർ മന്ത്രി സജി ചെറിയാൻ പ്രകാശിപ്പിക്കുന്നു

# മാസപ്പടിക്കേസിൽ തത്കാലം തുടർനടപടികൾ പാടില്ലെന്ന് ഹൈക്കോടതി

കൊച്ചി: മാസപ്പടിക്കേസിൽ തത്കാലം തുടർനടപടികൾ പാടില്ലെന്ന് ഹൈക്കോടതി. എസ്എഫ്ഐഒ കുറ്റപത്രത്തിൽ രണ്ട് മാസത്തേക്ക് തുടർനടപടികൾ പാടില്ലെന്ന് ഹൈക്കോടതി ഉത്തരവിട്ടു. സിഎംആർഎൽ നൽകിയ ഹർജിയിലാണ് ഹൈക്കോടതി നടപടി.

മാസപ്പടി കേസിൽ തൽസ്ഥിതി തുടരനാണ് നിർദേശം. സമൻസ് അയക്കുന്നത് ഉൾപ്പെടെ നിർത്തിവയ്ക്കണമെന്നും കോടതി വ്യക്തമാക്കി. എസ്എഫ്ഐഒ റിപ്പോർട്ടിന്മേൽ തുടർ നടപടി സ്വീകരിക്കാനുള്ള വിചാരണക്കോടതി തീരുമാനം റദ്ദാക്കണമെന്ന് ആവശ്യപ്പെട്ടാണ് സിഎംആർഎൽ ഹൈക്കോടതിയെ സമീപിച്ചത്. എറണാകുളം അഡീഷണൽ സെഷൻസ് കോടതി ഉത്തരവിനെതിരെയാണ് ഹർജി. സിഎംആർഎല്ലിന്റെ വാദം കേൾക്കാതെയാണ് തീരുമാനമെടുത്തതെന്നായിരുന്നു ഹർജിയിലെ പ്രധാന വാദം.

എസ്എഫ്ഐഒ നൽകിയ കുറ്റപത്രത്തിൽ മുഖ്യമന്ത്രി പിണറായി വിജയന്റെ മകളും എക്സാലോജിക് കമ്പനി ഉടമയുമായ വീണ തൈക്കണ്ടിയിൽ, സിഎംആർഎൽ എംഡി ശശിധരൻ കർത്ത, സിഎംആർഎൽ ഫിനാൻസ് വിഭാഗം ചീഫ് ജനറൽ മാനേജർ പി. സുരേഷ് കുമാർ, ജോയിന്റ് എംഡി ശരൺ എസ്. കർത്ത, ഓഡിറ്റർ എ. കെ. മുരളീകൃഷ്ണൻ, അനിൽ ആനന്ദ് പണിക്കർ, സഹ കമ്പനികളായ നിപുണ ഇൻറർനാഷണൽ, സജ്സ ഇന്ത്യ, എംപവർ ഇന്ത്യ കാപിറ്റൽ ഇൻവെസ്റ്റ്മെൻറ്സ് എന്നിവരാണു പ്രതിപ്പട്ടികയിലുള്ളത്. വീണ തൈക്കണ്ടിയിൽ ഉൾപ്പെടെയുള്ളവർക്കെതിരേ കമ്പനി നിയമമനുസരിച്ച് പത്തു വർഷം വരെ തടവുശിക്ഷ ലഭിക്കാവുന്ന കുറ്റങ്ങളാണ് ചുമത്തിയിട്ടുള്ളത്. കേന്ദ്ര കമ്പനികാര്യ മന്ത്രാലയം നൽകിയ വിചാരണ അനുമതി അനുസരിച്ചാണ് എസ്എഫ്ഐഒ നടപടി. സേവനം നൽകാതെ വീണ തൈക്കണ്ടിയിൽ 2.7 കോടി രൂപ കൈപ്പറ്റി, രാഷ്ട്രീയനേതാക്കൾക്കു സിഎംആർഎൽ 182 കോടി രൂപ കോഴയായി നൽകി, കർത്തയുടെ മരുമകൻ ആനന്ദ പണിക്കർക്ക് 13 കോടി രൂപ കമ്മീഷൻ നൽകി, സിഎംആർഎൽ ഈ തുക കള്ളക്കണക്കിൽ എഴുതി വകമാറ്റി എന്നിവയാണ് എസ്എഫ്ഐഒയുടെ കണ്ടെത്തൽ.

## ശ്രീനിവാസൻ വധക്കേസ്; പ്രതികളുടെ ജാമ്യം റദ്ദാക്കണമെന്ന ആവശ്യം സുപ്രീംകോടതി തള്ളി

ന്യൂഡൽഹി: പാലക്കാട് ശ്രീനിവാസൻ വധക്കേസിലെ പ്രതികളായ 18 പോപ്പുലർ ഫ്രണ്ട് പ്രവർത്തകരുടെ ജാമ്യം റദ്ദാക്കണമെന്നാവശ്യപ്പെട്ടുള്ള ഹർജി സുപ്രീംകോടതി തള്ളി. പ്രതികൾക്ക് ജാമ്യം അനുവദിച്ച ഹൈക്കോടതി ഉത്തരവ് സുപ്രീംകോടതി ശരിവച്ചു.

ജസ്റ്റീസുമാരായ അഭയ് എസ്. ഓക, എൻ. കെ. സിംഗ് എന്നിവർ അടങ്ങിയ ബെഞ്ചാണ് ഹർജി പരിഗണിച്ചത്. പ്രതികൾക്ക് വ്യക്തമായ ക്രിമിനൽ പശ്ചാത്തലം ഉണ്ടെന്നും അതിനാൽ ജാമ്യം റദ്ദാക്കണമെന്നുമായിരുന്നു എൻഐഎയുടെ വാദം.

എൻഐഎയ്ക്കുവേണ്ടി ഹാജരായ അഡീഷണൽ സോളിസിറ്റർ ജനറൽ രാജാ താക്കറെ പ്രതികളുടെ ക്രിമിനൽ പശ്ചാത്തലം സംബന്ധിച്ച വിശദാംശങ്ങൾ സുപ്രീംകോടതിക്ക് കൈമാറിയിരുന്നു. എന്നാൽ ഇതിൽ ഗൗരവമായ കാര്യങ്ങൾ ഒന്നും ഇല്ലെന്ന് നിരീക്ഷിച്ച കോടതി ഹർജി തള്ളുകയായിരുന്നു.

അതേസമയം കേസിൽ ജാമ്യത്തിനായി സുപ്രീംകോടതിയെ സമീപിച്ച മറ്റ് പ്രതികളുടെ ക്രിമിനൽ പശ്ചാത്തലം സംബന്ധിച്ച വിശദാംശങ്ങൾ കൈമാറാൻ എൻഐഎയോട് സുപ്രീംകോടതി നിർദേശിച്ചു. ജാമ്യ ഹർജികൾ മേയ് ആറിന് പരിഗണിക്കാനായി മാറ്റി.

## കൊല്ലം പൂരം വിവാദത്തിൽ

കൊല്ലം: പൂരത്തിനിടെ ആർഎസ്എസ് നേതാവ് ഹെഡ്ഗേവാറിന്റെ ചിത്രം ഉയർത്തിയതിൽ വിവാദം. ആശ്രാമം ശ്രീകൃഷ്ണസ്വാമി ക്ഷേത്ര ഉത്സവത്തോട് അനുബന്ധിച്ച് ആശ്രാമം മൈതാനത്ത് നടന്ന കൊല്ലം പൂരത്തിന്റെ കുടമാറ്റത്തിനിടെയാണ് നവോത്ഥാന നായകന്മാർക്കൊപ്പം ഹെഡ്ഗേവാറിന്റെ ചിത്രവും ഉയർത്തിയത്.

ബി. ആർ. അംബേദ്ക്കർ, ശ്രീനാരായണ ഗുരു തുടങ്ങിയവരുടെ ചിത്രങ്ങൾക്കൊപ്പമാണ് ഹെഡ്ഗേവാറിന്റെ ചിത്രവും സ്ഥാനം പിടിച്ചത്. ഉത്സവ ചടങ്ങുകളിൽ രാഷ്ട്രീയം കലർത്തരുതെന്ന ഹൈക്കോടതി നിർദേശം മറികടന്നാണ് നടപടി.

## സഹപ്രവർത്തകനെ കെട്ടിടത്തിൽ നിന്ന് തള്ളിയിട്ട് കൊന്നു

തൃശൂർ: വാടാനപ്പള്ളിയിൽ സഹപ്രവർത്തകനെ കെട്ടിടത്തിന്റെ മുകളിൽ നിന്ന് താഴേക്ക് തള്ളിയിട്ട ശേഷം കല്ലുകൊണ്ട് തലയ്ക്കടിച്ച് കൊലപ്പെടുത്തി. അടൂർ സ്വദേശി പടിഞ്ഞാറേത്തറ വീട്ടിൽ അനിൽകുമാറാണ് മരിച്ചത്. സംഭവത്തിൽ ഇയാളുടെ സഹപ്രവർത്തകനായ കോട്ടയം കാഞ്ഞിരപ്പള്ളി സ്വദേശി ഷാജു ചാക്കോയെ പോലീസ് കസ്റ്റഡിയിലെടുത്തു. കഴിഞ്ഞ ദിവസം രാത്രി പതിനൊന്നരയോടെയാണ് സംഭവം. മദ്യപാനത്തിനത്തിനിടെ ഇരുവരും തമ്മിൽ വാക്കുതർക്കം ഉണ്ടായതോടെ അനിൽകുമാറിനെ ക്രൂരമായി കൊലപ്പെടുത്തുകയായിരുന്നു.

# യുവ അഭിഭാഷകയുടെയും മക്കളുടെയും മരണം: അസ്വാഭാവിക മരണത്തിന് കേസ്

കോട്ടയം: ഏറ്റുമാനൂരിൽ യുവ അഭിഭാഷകയും രണ്ടു കുഞ്ഞുങ്ങളും മീനച്ചിലാറ്റിൽ ചാടി ജീവനൊടുക്കിയ സംഭവത്തിൽ പോലീസ് അസ്വഭാവിക മരണത്തിനു കേസെടുത്തു. ആത്മഹത്യയുടെ കാരണം കണ്ടെത്താൻ അന്വേഷണം തുടരുകയാണ്. ഏറ്റുമാനൂർ പോലീസ് നീറിക്കാട്ടെ വീട്ടിലെത്തി ഭർത്താവ് ജിമ്മിയുടെയും കുടുംബാംഗങ്ങളുടെയും മൊഴിയെടുത്തു.

അയർക്കുന്നം നീറിക്കാട് തൊണ്ണമ്മാവുങ്കൽ ജിമ്മിയുടെ ഭാര്യ അഡ്വ. ജിസ്മോൾ തോമസ് (34), മക്കളായ നേഹ (അഞ്ച്), പൊന്നു (രണ്ട്) എന്നിവരാണ് ജീവനൊടുക്കിയത്. കോട്ടയം മെഡിക്കൽ കോളജ് മോർച്ചറിയിൽ വച്ചിരിക്കുന്ന മൃതദേഹങ്ങൾ പോസ്റ്റ്മോർട്ടം നടപടികൾക്കു ശേഷം മോർച്ചറിയിൽ സൂക്ഷിക്കും. സംസ്കാരം പിന്നീട് നടക്കും. ചൊവ്വാഴ്ച ഉച്ചയോടെ മീനച്ചിലാറ്റിൽ കണ്ണമ്പുര കടവിനു സമീപമാണ് ജിസ്മോൾ മക്ക ളുമായി ചാടിയതെന്നു കരുതുന്നു. സംഭവത്തിന് ദൃക്സാക്ഷികളില്ല. പള്ളിക്കുന്ന് പള്ളിക്കടവിൽ രണ്ടു കുട്ടികൾ ഒഴുകിവരുന്നത് മീൻപിടിത്തക്കാരുടെ ശ്രദ്ധയിൽ പെടുകയായിരുന്നു.

നാട്ടുകാർ കുട്ടികളെ കരയിലെത്തിച്ച് കാരിത്താസ് ആശുപത്രിയിൽ എത്തിച്ചു. അധികം വൈകാതെ ആറുമാനൂർ ഭാഗത്ത് മീനച്ചിലാറ്റിൽ ജിസ്മോളെയും കണ്ടെത്തി. ജിസ്മോളെയും നാട്ടുകാർ കാരിത്താസ് ആശുപത്രിയിൽ എത്തിച്ചെങ്കിലും ഏറെ വൈകാതെ മൂവരും മരിച്ചു.

കുട്ടികളെ ടോയ്‌ലറ്റ് വൃത്തിയാക്കുന്ന ഹാർപിക് ലോഷൻ കുടിപ്പിക്കുകയും സ്വന്തം കൈ ഞരമ്പ് മുറിക്കുകയും ചെയ്ത ശേഷമാണ് ജിസ്മോൾ സ്കൂട്ടറിൽ കടവിൽ എത്തിയതും കുഞ്ഞുങ്ങളുമായി ആറ്റിൽ ചാടിയതും. ജിസ്മോളുടെ സ്കൂട്ടർ കണ്ണമ്പുര കടവിനു സമീപം റോഡരികിൽ കണ്ടെത്തി. സ്കൂട്ടറിൽ അഭിഭാഷകരുടെ സ്റ്റിക്കർ പതിച്ചതിലെ സൂചനവച്ച് നടത്തിയ അന്വേഷണത്തിലാണ് മരിച്ചയാളെ തിരിച്ചറിഞ്ഞത്. ഹൈക്കോടതിയിലും പാലാ കോടതിയിലും പ്രാക്ടീസ് ചെയ്തുവരികയായിരുന്നു ജിസ്മോൾ. വിവാഹത്തിനു മുമ്പ് മുത്തോലി പഞ്ചായത്ത് മെംബറും പഞ്ചായത്ത് പ്രസിഡൻറുമായിരുന്നു.

ജിസ്മോളുടെ ഭർത്താവ് സ്വകാര്യ ആശുപത്രി ജീവനക്കാരനാണ്. മുമ്പ് സ്വകാര്യ ബസുടയായിരുന്ന ജിമ്മി ആറു മാസം മുമ്പ് സർവീസുകൾ നിർത്തി ബസുകൾ വിറ്റിരുന്നു.

## എസ്എഫ്ഐഒ കുറ്റപത്രം; സിഎംആർഎൽ ഹൈക്കോടതിയിലേക്ക്

കൊച്ചി: മാസപ്പടി കേസിലെ എസ്എഫ്ഐഒ കുറ്റപത്രത്തിനെതിരെ സിഎംആർഎൽ ഹൈക്കോടതിയിലേക്ക്. എസ്എഫ്ഐഒ റിപ്പോർട്ടിന്മേൽ തുടർ നടപടി സ്വീകരിക്കാനുള്ള വിചാരണക്കോടതി തീരുമാനം റദ്ദാക്കണമെന്ന് ആവശ്യപ്പെട്ടാണ് സിഎംആർഎൽ ഹൈക്കോടതിയെ സമീപിച്ചിരിക്കുന്നത്.

എറണാകുളം അഡീഷണൽ സെഷൻസ് കോടതി ഉത്തരവിനെതിരെയാണ് ഹർജി. സിഎംആർഎല്ലിന്റെ വാദം കേൾക്കാതെയാണ് തീരുമാനമെടുത്തതെന്നാണ് ഹർജിയിലെ വാദം.

എസ്എഫ്ഐഒ നൽകിയ കുറ്റപത്രത്തിൽ മുഖ്യമന്ത്രി പിണറായി വിജയന്റെ മകളും എക്സാലോജിക് കമ്പനി ഉടമയുമായ വീണ തൈക്കണ്ടിയിൽ, സിഎംആർഎൽ എംഡി ശശിധരൻ കർത്ത, സിഎംആർഎൽ ഫിനാൻസ് വിഭാഗം ചീഫ് ജനറൽ മാനേജർ പി. സുരേഷ് കുമാർ, ജോയിന്റ് എംഡി ശരൺ എസ്. കർത്ത, ഓഡിറ്റർ എ. കെ. മുരളീകൃഷ്ണൻ, അനിൽ ആനന്ദ് പണിക്കർ, സഹ കമ്പനികളായ നിപുണ ഇൻറർനാഷണൽ, സജ്സ ഇന്ത്യ, എംപവർ ഇന്ത്യ കാപിറ്റൽ ഇൻവെസ്റ്റ്മെൻറ്സ് എന്നിവരാണു പ്രതിപ്പട്ടികയിലുള്ളത്. വീണ തൈക്കണ്ടിയിൽ ഉൾപ്പെടെയുള്ളവർക്കെതിരേ കമ്പനി നിയമമനുസരിച്ച് പത്തു വർഷം വരെ തടവുശിക്ഷ ലഭിക്കാവുന്ന കുറ്റങ്ങളാണ് ചുമത്തിയിട്ടുള്ളത്. കേന്ദ്ര കമ്പനികാര്യ മന്ത്രാലയം നൽകിയ വിചാരണ അനുമതി അനുസരിച്ചാണ് എസ്എഫ്ഐഒ നടപടി. സേവനം നൽകാതെ വീണ തൈക്കണ്ടിയിൽ 2.7 കോടി രൂപ കൈപ്പറ്റി, രാഷ്ട്രീയനേതാക്കൾക്കു സിഎംആർഎൽ 182 കോടി രൂപ കോഴയായി നൽകി, കർത്തയുടെ മരുമകൻ ആനന്ദ പണിക്കർക്ക് 13 കോടി രൂപ കമ്മീഷൻ നൽകി, സിഎംആർഎൽ ഈ തുക കള്ളക്കണക്കിൽ എഴുതി വകമാറ്റി എന്നിവയാണ് എസ്എഫ്ഐഒയുടെ കണ്ടെത്തൽ.

## രാജപാത തുറക്കാൻ പ്രതിഷേധം: ബിഷപ് മാർ ജോർജ് പുന്നക്കോട്ടിലിനെതിരായ കേസ് പിൻവലിക്കും

കോതമംഗലം: പഴയ ആലുവ – മൂന്നാർ രാജപാത തുറക്കണമെന്നാവശ്യപ്പെട്ട് നടത്തിയ ജനമുന്നേറ്റ യാത്രയ്ക്ക് നേതൃത്വം കൊടുത്ത ബിഷപ് മാർ ജോർജ് പുന്നക്കോട്ടിലിനെതിരെ എടുത്ത കേസ് വനം വകുപ്പ് പിൻവലിക്കും. സഭയുടെ പ്രതിഷേധം ശക്തമാകുന്ന പശ്ചാത്തലത്തിലാണ് കേസ് പിൻവലിക്കുന്നത്. ബിഷപ് മാർ ജോർജ് പുന്നക്കോട്ടിലടക്കം 23 പേർക്കെതിരെയാണ് വനം വകുപ്പ് കേസെടുത്തത്. പൊതുമുതൽ നശിപ്പിച്ചതിനാണു കേസ്. വനംവകുപ്പിനു പിന്നാലെ പോലീസും കേസെടുത്തിരുന്നു.ഇന്ന് മന്ത്രി പി. രാജീവിന്റെ ചേംബറിൽ ചേർന്ന യോഗത്തിലാണ് കേസ് പിൻവലിക്കാൻ തീരുമാനിച്ചത്. ബിഷപ് മാർ ജോർജ് പുന്നക്കോട്ടിലിനു പുറമേ സമരത്തിൽ പങ്കെടുത്ത ജനപ്രതിനിധികൾ ഉൾപ്പെടെയുള്ളവർക്കെതിരായ കേസുകളും പിൻവലിക്കും. പൂയംകുട്ടിയിൽ രാജപാതയിലെ യാത്ര തടസപ്പെടുത്തി വനം വകുപ്പ് സ്ഥാപിച്ച ക്രോസ് ബാർ തകർത്തെന്നും വാഹനത്തിന്റെ ചില്ല് പൊട്ടിച്ചു എന്നുള്ളതിനും 50, 000 രൂപയാണു നഷ്ടം കണക്കാക്കിയിരിക്കുന്നത്. ആലുവ-മൂന്നാർ രാജപാത ഗതാഗതത്തിനു തുറന്നുകൊടുക്കണമെന്ന ആവശ്യം വർഷങ്ങളായുള്ളതാണ്. ഇതിന്റെ തുടർച്ചയായിട്ടാണ് ഡീൻ കുര്യാക്കോസ് എംപിയും പ്രദേശത്തെ മറ്റു ജനപ്രതിനിധികളും ബിഷപ് മാർ ജോർജ് പുന്നക്കോട്ടിലും നയിച്ച ജനകീയ അവകാശപ്രഖ്യാപന യാത്ര മാർച്ച് 16ന് പൂയംകുട്ടിയിൽ നടത്തിയത്. 1857ൽ തിരുവിതാംകൂർ രാജാവായിരുന്ന ആയില്യം തിരുനാൾ ബാലരാമവർമയുടെ ഉത്തരവോടെയാണ് ബ്രിട്ടീഷ് എൻജിനിയറായ ജോൺ മൺറോ അക്കാലത്തെ പ്രമുഖ വാണിജ്യകേന്ദ്രമായിരുന്ന ആലുവയിൽനിന്ന് മൂന്നാറിലേക്കുള്ള പാതയുടെ നിർമാണം തുടങ്ങിയത്. 1878ൽ തുറന്നുകൊടുത്തെങ്കിലും 1924ലെ പ്രളയത്തിൽ രണ്ട് കിലോമീറ്ററോളം റോഡ് ഒലിച്ചുപോയതോടെ ഗതാഗതം നിലച്ചു. പകരം പണിതതാണ് നേര്യമംഗലം വഴി മൂന്നാറിലേക്കുള്ള പാത. നിർമാതാക്കൾ മുൻകൂട്ടി കണ്ടതുപോലെ ഈ വഴിയിൽ മണ്ണിടിയുന്നതും റോഡ് ഒലിച്ചുപോകുന്നതും പതിവായി. മൂന്നാർ, രാജ്യത്തെ പ്രമുഖ വിനോദസഞ്ചാര കേന്ദ്രമായതോടെ അനിയന്ത്രിതമായ തിരക്കുമുണ്ടായി. പക്ഷേ, പിഡബ്ല്യുഡി വകയായിരുന്ന രാജപാതയിലെ ഗതാഗതം പൂയംകുട്ടി മുതൽ വനംവകുപ്പ് തടഞ്ഞിരിക്കുകയാണ്.

# നിലമ്പൂർ ഉപതെരഞ്ഞെടുപ്പ്: യുഡിഎഫ് തീരദേശ സമരയാത്ര മാറ്റിവെച്ചു

തിരുവനന്തപുരം: കടൽ മണൽ ഖനനത്തിന് അനുമതി നൽകിയ കേന്ദ്ര-സംസ്ഥാന സർക്കാരുകൾക്കെതിരെ ഏപ്രിൽ 21 മുതൽ 29 വരെ പ്രതിപക്ഷ നേതാവ് വിഡി സതീശന്റെ നേതൃത്വത്തിൽ യുഡിഎഫ് പ്രഖ്യാപിച്ച തീരദേശ സമരയാത്ര നിലമ്പൂർ ഉപതെരഞ്ഞെടുപ്പ് പ്രഖ്യാപിക്കാനിരിക്കുന്ന സാഹചര്യത്തിൽ മാറ്റിവെച്ചതായി യുഡിഎഫ് കൺവീനർ എംഎം ഹസൻ അറിയിച്ചു. തിരുവനന്തപുരത്ത് മാധ്യമപ്രവർത്തകരോട് സംസാരിക്കുക ആയിരുന്നു അദ്ദേഹം.

എല്ലാ ജില്ലകളിലും യാത്രയ്ക്ക് വേണ്ട ഒരുക്കങ്ങൾ പൂർത്തിയാക്കിയിരുന്നു. കാസർഗോഡ് നെല്ലിക്കുന്ന് കടപ്പുറത്ത് നിന്നും ആരംഭിച്ച് വിഴിഞ്ഞം കടപ്പുറത്ത് സമാപിക്കുന്ന രീതിയിലായിരുന്നു തീരദേശയാത്ര ക്രമീകരിച്ചിരുന്നത്. ഉപതെരഞ്ഞെടുപ്പിന് ശേഷം തീരദേശ സമരയാത്രയുടെ തീയതി നിശ്ചയിക്കും. പത്തു ലക്ഷം മത്സ്യത്തൊഴിലാളികളെ വഴിയാധാരമാക്കുന്ന കടൽ മണൽ ഖനനത്തിൽ നിന്ന് കേന്ദ്ര സർക്കാർ പിന്മാറണമെന്ന് ആവശ്യപ്പെട്ടാണ് യുഡിഎഫ് തീരദേശ സമരയാത്ര പ്രഖ്യാപിച്ചത്. കേരള സർക്കാർ കടൽ മണൽ ഖനനത്തിനെതിരെ നടത്തുന്ന ഒളിച്ചുകളി അവസാനിപ്പിക്കണം. നിയമസഭയിൽ പ്രമേയം വന്നപ്പോൾ പ്രതിപക്ഷത്തിന്റെ ഉറച്ച നിലപാടിനു വഴങ്ങിയാണ് പ്രമേയം പാസ്സായതെങ്കിലും കൊല്ലം തീരത്ത് സർവ്വേയ്ക്കു വന്ന കേന്ദ്ര ഖനന മന്ത്രാലയത്തിന് ധനസഹായം നൽകി പ്രോത്സാഹിപ്പിച്ചത് സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനമാണെന്നും ഹസൻ പറഞ്ഞു. മത്സ്യത്തൊഴിലാളികൾക്ക് ഇതര സംസ്ഥാനങ്ങളിലേതുപോലെ ഇന്ധന സബ്സിഡി നൽകുക, കടലാക്രമണത്തിന്റെ പ്രതിരോധ പ്രവർത്തനങ്ങൾ ശക്തമാക്കുക, തീരദേശ ഹൈവേയ്ക്കുവേണ്ടി കുടി ഒഴിപ്പിക്കുന്ന മത്സ്യത്തൊഴിലാളികളെ തീരദേശത്ത് തന്നെ പുനരധിവസിപ്പിക്കുക തുടങ്ങിയ ആവശ്യങ്ങളും സംസ്ഥാന സർക്കാരിനോട് ഉന്നയിച്ചാണ് തീരദേശ സമരയാത്ര യുഡിഎഫ് പ്രഖ്യാപിച്ചത്. മുതലപ്പൊഴിയിൽ മത്സ്യത്തൊഴിലാളികൾ നേരിടുന്ന ബുദ്ധിമുട്ടുകൾക്ക് ശാശ്വതപരിഹാരം ആവശ്യപ്പെട്ട് യുഡിഎഫ് പ്രക്ഷോഭം ആരംഭിച്ചിട്ടുണ്ട്. അഴിമുഖത്ത് മണലടിഞ്ഞതിനെ തുടർന്ന് മീൻപിടിത്തം മുടങ്ങി. മത്സ്യബന്ധനത്തിന് ബോട്ടുകൾ ഇറക്കാൻ കഴിയാത്ത സ്ഥിതിയാണ്. ഡ്രഡ്ജിംഗ് നടത്തി മണൽ നീക്കം ചെയ്യണമെന്ന് മത്സ്യത്തൊഴിലാളികൾ നിരന്തരം ആവശ്യപ്പെട്ടിട്ടും സർക്കാർ അതിന് തയ്യാറായില്ല. പ്രശ്നപരിഹാരത്തിന് തുറമുഖ മന്ത്രി യോഗം വിളിക്കുകയല്ല വേണ്ടത്. ഡ്രഡ്ജിംഗ് നടത്തി അടിഞ്ഞ് കൂടിയ മണ്ണ് നീക്കം ചെയ്യാനുള്ള നടപടി സ്വീകരിക്കണമെന്നും ഹസൻ പറഞ്ഞു. മുനമ്പം പ്രശ്നം പരിഹരിക്കാൻ വഖഫ് ഭേദഗതി ബില്ലിലൂടെ സാധ്യമല്ലെന്ന് കേന്ദ്രമന്ത്രി കിരൺ റിജിജുവിന്റെ പ്രസ്താവനയിലൂടെ മുനമ്പത്തെ മത്സ്യത്തൊഴിലാളികളെ കേന്ദ്രസർക്കാരും ബിജെപിയും വഞ്ചിക്കുകയായിരുന്നു. മുനമ്പം വിഷയവും വഖഫ് ബില്ലും തമ്മിൽ കടലും കടലാടിയും പോലെയാണ്. ഇവതമ്മിൽ ഒരു ബന്ധവുമില്ല. വഖഫ് ഭേദഗതി ബില്ലിന് മുൻകാല പ്രാബല്യമില്ലാത്തതിനാൽ മുനമ്പം പ്രശ്നം പരിഹരിക്കാൻ സാധ്യമല്ലെന്ന് യുഡിഎഫ് നേരത്തെ വ്യക്തമാക്കിയതാണ്. എന്നിട്ടും തെറ്റായ പ്രചരണം നടത്തി മുസ്ലീങ്ങളെയും ക്രൈസ്തവരെയും തമ്മിലടിപ്പിച്ച് സാമുദായിക സ്പർദ്ധ വളർത്താനാണ് ബിജെപി ശ്രമിച്ചത്. സംസ്ഥാന സർക്കാരും ഈ വിഷയത്തിൽ ഒളിച്ച് കളി നടത്തുകയാണ്. ട്രൈബൂണലിൽ നിന്ന് അനുകൂല വിധി പ്രതീക്ഷിച്ചിരുന്ന സമയത്താണ് സംസ്ഥാന സർക്കാരും വഖഫ് ബോർഡും ഹൈക്കോടതിയെ സമീപിച്ചത്. മുനമ്പത്തേത് വഖഫ് ഭൂമിയല്ലെന്ന് ബോധ്യപ്പെട്ടിട്ടും സർക്കാർ പ്രശ്ന പരിഹാരത്തിന് തുനിഞ്ഞില്ല. സംസ്ഥാന സർക്കാർ ആത്മാർത്ഥമായി പരിശ്രമിച്ചാൽ വേഗത്തിൽ പരിഹരിക്കാവുന്ന വിഷയമാണിത്. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ഓരേ തൂവൽ പക്ഷികളാണ്. ബിജെപിയുടെ രാഷ്ട്രീയ മുതലെടുപ്പിന് സംസ്ഥാന സർക്കാർ കൂട്ടുനിൽക്കുകയാണെന്നും ഹസൻ പറഞ്ഞു. നിലമ്പൂർ ഉപതെരഞ്ഞെടുപ്പിന് യുഡിഎഫ് സജ്ജമാണ്. തെരഞ്ഞെടുപ്പ് തീയതി പ്രഖ്യാപിച്ചാൽ ഉടൻതന്നെ യുഡിഎഫ് സ്ഥാനാർത്ഥിയെ പ്രഖ്യാപിക്കുമെന്നും ഹസൻ കൂട്ടിച്ചേർത്തു.

## അഭിഭാഷക – വിദ്യാർഥി സംഘർഷം; ദൃശ്യങ്ങൾ ലഭിക്കാത്തത് പോലീസിന് വെല്ലുവിളി

കൊച്ചി: എറണാകുളം ജില്ലാ കോടതി പരിസരത്ത് അഭിഭാഷകരും മഹാരാജാസ് കോളജിലെ വിദ്യാർഥികളും ഏറ്റുമുട്ടിയ സംഭവത്തിൽ പ്രതികളെ പിടികൂടാനാകാതെ പോലീസ്. മൂന്ന് കേസുകളിലായി 30 പേർക്കെതിരേയാണ് എറണാകുളം സെൻട്രൽ പോലീസ് കേസെടുത്തത്.

അതിനിടെ സംഘഷത്തിലേക്ക് നയിച്ച യഥാർഥ കാരണം തേടി പോലീസ് ജില്ലാ കോടതിയിലെ സിസിടിവി ദൃശ്യങ്ങൾ ആവശ്യപ്പെട്ട് അപേക്ഷ നൽകിയിരുന്നെങ്കിലും ഇതുവരെയും ലഭിച്ചിട്ടില്ല. കേസിൽ അന്വേഷണം നടന്നുവരികയാണെന്ന് പോലീസ് അറിയിച്ചു.

അതേസമയം അഭിഭാഷകരുടെയും വിദ്യാർഥികളുടെയും കേസുകൾ ഒത്തുതീർക്കാൻ ശ്രമമുള്ളതായും സൂചനയുണ്ട്.

സംഘർഷത്തിനിടയാക്കിയ കാരണം തേടുന്ന പോലീസിനെ വലയ്ക്കുന്നത് ഇതുസംബന്ധിച്ച ദൃശ്യങ്ങൾ ഇല്ലാത്തതാണ്. ബാർ അസോസിയേഷൻ സംഘടിപ്പിച്ച പരിപാടിക്കെത്തിയ വിദ്യാർഥികൾ സ്ത്രീകളെ ശല്യം ചെയ്തതാണ് സംഘർഷത്തിനിടയാക്കിയതെന്നാണ് അഭിഭാഷകരുടെ വാദം.

എന്നാൽ വിദ്യാർഥനികളോട് അഭിഭാഷകർ മോശമായി പെരുമാറിയതാണ് സംഘർഷത്തിലേക്ക് നയിച്ചതെന്നാണ് വിദ്യാർഥികൾ പറയുന്നത്. ഇതിൽ വ്യക്തത തേടിയാണ് പോലീസ് ജില്ലാ കോടതിയിലെ സിസിടിവി ദൃശ്യങ്ങൾ ആവശ്യപ്പെട്ടിട്ടുള്ളത്. പരിസരത്ത് വേറെ സിസിടിവി കാമറകൾ ഇല്ലാത്തതും അന്വേഷണത്തിന് വെല്ലുവിളിയാകുന്നു.

കഴിഞ്ഞ വ്യാഴാഴ്ച പുലർച്ചെ നടന്ന സംഭവത്തിൽ കോളജിലെ എസ്എഫ്ഐ ഭാരവാഹികളടക്കം 15 വിദ്യാർഥികൾക്കും ഒമ്പത് അഭിഭാഷകർക്കും രണ്ട് പോലീസുകാർക്കുമാണ് പരിക്കേറ്റത്. മൂന്ന് പരാതികളിലായി 30 പേർക്കെതിരേയാണ് പോലീസ് കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളത്.

അഭിഭാഷകരുടെ പരാതിയിൽ കണ്ടാലറിയാവുന്ന പത്തോളം വിദ്യാർഥികൾക്കെതിരേയും വിദ്യാർഥികളുടെ പരാതിയിൽ 10 അഭിഭാഷകർക്കെതിരേയും സംഘർഷത്തിനിടെ പരിക്കേറ്റ പോലീസുകാരുടെ പരാതിയിൽ കണ്ടാലറിയാവുന്ന 10 പേർക്കെതിരേയുമാണ് സെൻട്രൽ പോലീസ് കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളത്.